FINAL REPORT OF MINOR RESEARCH PROJECT

FINANCIAL ASSISTANCE REF. NO:
2320-MRP/15-16/KLKE012/UGC-SWRO

# TECHNOLOGY AND LITERATURE :
# A STUDY BASED ON MALAYALAM BLOGS

BY

AATHMAN A.V.

ASSISTANT PROFESSOR
DEPARTMENT OF MALAYALAM
DEVASWOM BOARD COLLEGE
SASTHAMCOTTA, KOLLAM- 690 521

FINAL REPORT OF MINOR RESEARCH PROJECT SUBMITTED TO
UNIVERSITY GRANTS COMMISSION SOUTH WESTERN REGIONAL OFFICE, BANGALORE
2019

# ആമുഖം

ഭാഷയെ കേവലമായി ആശയവിനിമയത്തിനുള്ള ഉപാധി എന്ന നിർവചനത്തിൽ ഒതുക്കാനാവില്ല. ഭാഷ, പലവിധ പ്രകരണങ്ങളാലും സാംസ്കാരിക സന്ദർഭങ്ങളാലും രൂപീകൃതമാകുന്ന ഒന്നാണ്. മറ്റൊരുതരത്തിൽ അത് സംസ്കാരത്തിന്റെ പ്രതിനിധാനം തന്നെയാണ്. സംസ്കാരത്തെ 'ജീവിതശൈലി' എന്ന് നിർവ്വചിക്കുമ്പോൾ ഒരു സമൂഹത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട ഘടകങ്ങളെല്ലാം അത് ഉൾക്കൊള്ളുന്നുണ്ട്. ഇത്തരത്തിൽ ഉൾക്കൊള്ളുന്ന മറ്റൊന്ന് ഭാഷയാണ്. സമൂഹത്തെയും ജീവിതത്തെയും പലവിധ പ്രതിനിധാനങ്ങളിലൂടെ അവതരിപ്പിക്കുന്നതിന് മനുഷ്യൻ ഭാഷയിലൂടെ സ്വീകരിക്കുന്ന ഒരു വഴിയാണ് സാഹിത്യത്തിന്റേത്. വ്യത്യസ്തതലങ്ങളിൽ ചരിത്രബന്ധമാണ് സാഹിത്യ രചനകൾ. അത് ആവിഷ്കാരമാധ്യമമായ ഭാഷയിലൂടെ തന്നെ ആരംഭിക്കുന്നുണ്ടെന്ന് പറയാം. തുടർന്ന് കൈകാര്യം ചെയ്യുന്ന വിഷയങ്ങളാലും സാഹിത്യ ചരിത്രത്തിന്റെ ഇടപെടലുകൾക്ക് ഇട നല്കുന്നു. സാങ്കേതികവിദ്യയുടെ ചരിത്രം നടത്തിയ ഇടപെടലുകൾ കലയിലും സാഹിത്യത്തിലുമെല്ലാം പ്രകടമാണ് എന്നു കാണാം. സിനിമ പോലെ സാങ്കേതികത കൊണ്ടുമാത്രം സാധ്യമായ നിരവധി കലാരൂപങ്ങളും ആധുനിക കാലഘട്ടത്തിൽ പിറവിയെടിത്തിട്ടുണ്ട്. എന്നാൽ എഴുത്തിന്റെ ചരിത്രത്തിൽ സാങ്കേതികവിദ്യ വരുത്തിയ ഇടപെടലുകൾ സാഹിത്യത്തിന്റെ ഭാവുകത്വത്തെയും വഴിതിരിച്ച് വിടർന്നതായി കാണാം.

സാങ്കേതിക വിദ്യ സാഹിത്യത്തിൽ ഇടപെട്ടതിന്റെ ചരിത്രം പ്രധാനമായി ഭൗതികമായ സൗകര്യം എന്ന നിലയെ ഉൾക്കൊള്ളുന്നതാണ്. എഴുത്തിന് സഹായമാകുന്ന പാപ്പിറസിന്റെ കടന്നു വരവും മറ്റും ഇതിന്റെ തുടക്കമായികാണാം. പിന്നീട് അച്ചടിയും മഷിയും പ്രസാധനവുമെല്ലാമായി വികസിച്ച സാഹിത്യലോകത്തിന്റെ തുടക്കം. അറിവിന്റെ അടക്കം ജനാധിപത്യവത്കരിക്കുന്ന പ്രക്രിയയുടെ തുടക്കം. ഒരാൾ എഴുതുന്നതിനെ

പലരിലേക്ക് എത്തിക്കുക എന്നത് സാധ്യമാകുന്നതുവഴിയാണല്ലോ സാഹിത്യം തന്നെ വിപുലമായി വളരുന്നത്.

സാങ്കേതികവിദ്യയുടെ ഇടപെടൽ ചരിത്രത്തിൽ വ്യത്യസ്തതലങ്ങളിൽ സ്വാധീനം ചെലുത്തുന്നു. ഇന്ന് തെരഞ്ഞെടുപ്പ് പ്രചരണമടക്കമുള്ള ആശയപ്രചരണരംഗങ്ങളിൽ ഇന്റർനെറ്റ് പ്രമുഖമായ പങ്ക് വഹിക്കുന്നു. ഇറാഖ് യുദ്ധത്തിന്റെ യാഥാർത്ഥ്യമടക്കം ലോകത്തിനുമുന്നിൽ എത്തിച്ചത് ബ്ലോഗുകൾ ആയിരുന്നു. അറബ് രാജ്യങ്ങളിൽ നടന്ന ജനമുന്നേറ്റങ്ങൾക്ക് ഇടയാക്കിയത് ഇന്റർനെറ്റ് മാധ്യമങ്ങളായിരുന്നു. നിശ്ചയമായും സാഹിത്യമേഖലയിലും ഇത്തരം മാധ്യമങ്ങൾ ഇന്ന് സജീവമായിരിക്കുന്നു. അച്ചടിയുടെ കടന്നു വരവ് ആധുനികതയുടെ ഭാവുകത്വത്തിന് ആധാരമായതു പോലെ സൈബർ ലോകം ഉത്തരാധുനികഭാവുകത്വത്തിന് പുതിയ മാനങ്ങൾ നല്കുന്നതു കാണാം. കമ്പ്യൂട്ടർ എന്ന ഉപകരണവും അതുവഴി സാധ്യമായ ഇന്റർനെറ്റ് എന്ന സംവിധാനവും ഭാവുകത്വതലത്തിലും മാധ്യമമെന്ന നിലയിലും കൊണ്ടു വന്ന പരിണാമം അച്ചടിയും ആധുനികതയും തമ്മിലുള്ള ബന്ധം പോലെ തന്നെ വിലയിരുത്തപ്പെടേണ്ടതുണ്ട്. മലയാളം പോലുള്ള പ്രാദേശികഭാഷയിൽ സാങ്കേതിക മുന്നേറ്റങ്ങൾക്ക് നേരിട്ട കാലതാമസം അല്ലാതെ ഈ മേഖലയിൽ കാര്യമായ മറ്റ് തടസ്സങ്ങളൊന്നും ഉണ്ടായിട്ടില്ല. പുതിയ കാര്യങ്ങളെയെല്ലാം സ്വീകരിക്കുന്ന മലയാളിയുടെ ജീവിതശൈലിയുടെ ഭാഗമായി കമ്പ്യൂട്ടറും ഇന്റർനെറ്റും ഇന്ന് മാറിക്കൊണ്ടിരിക്കുന്നു. യൂണിക്കോഡ് ഫോണ്ട് നിലവിൽ വന്നതുമുതൽ മലയാളത്തെ സംബന്ധിച്ച് അച്ചടി സാധ്യമാക്കിയ അറിവിന്റെ ജനാധിപത്യസ്വഭാവം പുതിയൊരു വഴിത്തിരിവിലെത്തിയിരിക്കുന്നു. മലയാളിയും മലയാളവും ഒരു ഇൻഫർമേഷൻ ശൃംഖലയിലെ കണ്ണിയായി തീർന്നിരിക്കുന്നു.

'സാങ്കേതികതയും സാഹിത്യവും മലയാളം ബ്ലോഗുകൾ മുൻനിർത്തിയുള്ള പഠനം' എന്ന ഈ പ്രബന്ധം സാങ്കേതികത

വിവിധഘട്ടങ്ങളിൽ സാഹിത്യത്തിന് നല്കിയ സാധ്യതകളെ മലയാളം ബ്ലോഗുകളെ അടിസ്ഥാനമാക്കി പഠിക്കുകയാണ്. പഠനത്തിന്റെ സൗകര്യാർത്ഥം യാത്രാവിവരണം, കവിത എന്നീ രണ്ട് വിഭാഗങ്ങളെ ബ്ലോഗുകളിൽ പ്രസിദ്ധീകരിക്കുന്നതിനെയാണ് പഠനം വിശകലനം ചെയ്യുന്നത്.

## പ്രബന്ധഘടന

ഈ പ്രബന്ധം നാല് അധ്യായങ്ങളായി വിഭജിച്ചാണ് വിഷയങ്ങളെ അവതരിപ്പിക്കുന്നത്.

**അധ്യായം ഒന്ന്**

**സൈബർ സാഹിത്യവും സാങ്കേതികവിദ്യയും**

ഈ അധ്യായത്തിൽ സൈബർ സാഹിത്യം എന്നതു കൊണ്ട് അർത്ഥമാക്കുന്നത് എന്താണ് എന്ന ആശയത്തിൽ വ്യക്തത വരുത്തുന്നു. സാങ്കേതികവിദ്യയുടെ വളർച്ച സാഹിത്യത്തിൽ ചെലുത്തിയ സ്വാധീനം ഈ അധ്യായത്തിൽ ചർച്ചചെയ്യുന്ന മറ്റൊരു വിഷയമാണ്.

**അധ്യായം രണ്ട്**

**ബ്ലോഗ്**

സൈബർ ലോകത്ത് സാഹിത്യരചനകൾക്ക് ഉപയോഗിക്കുന്ന നവമാധ്യമങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ബ്ലോഗുകൾ. ബ്ലോഗ് എന്താണെന്നും അതിന്റെ ചരിത്രവും ഇവിടെ വിശകലനം ചെയ്യുന്നു. മലയാളത്തിലെ ബ്ലോഗുകളുടെ ആരംഭവും സ്വഭാവങ്ങളും ഇവിടെ അന്വേഷിക്കുന്നു. ബ്ലോഗ് രചനകൾ അച്ചടിക്കപ്പെടുന്ന സാഹചര്യവും അതിനെക്കുറിച്ച് നടന്ന ചർച്ചകളിൽ നിന്ന് മനസ്സിലാക്കാവുന്ന ആശയങ്ങളുടെ അവതരണവുമാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്ന മറ്റൊരു വിഷയം. ഇതിലൂടെ അച്ചടി മാധ്യമങ്ങളിൽ നിന്ന് സൈബർ മാധ്യമങ്ങൾക്കുള്ള സവിശേഷതകൾ കൂടുതൽ വ്യക്തമാകുന്നു.

**അധ്യായം മൂന്ന്**

**സൈബർ യാത്രാവിവരണം**

ഗദ്യ സാഹിത്യരൂപമെന്ന നിലയിൽ പ്രബന്ധം വിലയിരുത്തുന്ന യാത്രവിവരണശാഖയെക്കുറിച്ചുള്ള വിശകലനമാണ് ഈ അധ്യായം. ബ്ലോഗിലെ യാത്രാവിവരണ രചനകളെക്കുറിച്ചും അതിന്റെ സാധ്യതകളെക്കുറിച്ചും ഈ അധ്യായത്തിൽ ഉദാഹരണങ്ങൾ മുൻനിർത്തി പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു.

**അധ്യായം നാല്**

**സൈബർ കവിതകൾ**

കവിതകൾ ബ്ലോഗുകളിൽ പ്രസിദ്ധീകരിക്കുന്നതിലൂടെ എഴുത്തുകാർക്ക് ലഭിക്കുന്ന സാധ്യതകളും വായനയ്ക്ക് അതിലൂടെ കൈവരുന്ന വ്യത്യസ്ത തലവും വിശകലനം ചെയ്യുകയാണ് ഈ അധ്യായത്തിൽ. ഏതെല്ലാം വിധത്തിലാണ് അച്ചടി രൂപത്തിൽ നിന്ന് ഇത് വ്യത്യസ്തമാകുന്നതെന്ന് ഇവിടെ ഉദാഹരണങ്ങൾ മുൻ നിർത്തി പഠിക്കുന്നു.

തുടർന്ന് ഉപസംഹാത്തിൽ പഠനത്തിലൂടെ തിരിച്ചറിയാൻ സാധിച്ച കാര്യങ്ങളെ സംക്ഷിപ്തമായി അവതരിപ്പിക്കുന്നു. കൂടാതെ അനുബന്ധമായി സൈബർ സാഹിത്യം ഇന്റർനെറ്റിൽ ദൃശ്യമാകുന്നതിന്റെ ഏതാനും മാതൃകകളെ ചേർക്കുന്നു.

# അധ്യായം ഒന്ന്
# സൈബർ സാഹിത്യവും സാങ്കേതികവിദ്യയും

പോസ്റ്റ് മോഡേണിസത്തിന്റെ കാലം കഴിഞ്ഞുവെന്നും പുതിയ ഘട്ടം ആരംഭിച്ചിരിക്കുന്നുവെന്നും പുതിയ എഴുത്തുകൾ പറയുമ്പോൾ അവിടെയെല്ലാം അവസ്ഥയെ നിർണ്ണയിക്കുന്ന ഘടകങ്ങളിൽ പ്രധാന പങ്ക് സൈബർലോകത്തിനുണ്ട്. സാങ്കേതികവിദ്യയുടെ നൂതനസാധ്യതകൾ രൂപം നല്കിയ പുതിയ സാഹിത്യ ജനുസ്സാണ് സൈബർ സാഹിത്യം. സൈബർ ലോകം സൃഷ്ടിക്കുന്ന പുതിയ ക്രമങ്ങൾ ഇവിടെ പ്രധാനമായിത്തീരുന്നു.

മലയാള നിരൂപണരംഗത്ത് വ്യത്യസ്ത നിലകളിൽ ഉപയോഗിച്ചിട്ടുള്ള ഒരു പദമാണ് സൈബർ സാഹിത്യം. മലയാളത്തിലെ ആദ്യത്തെ സൈബർ നോവലാണ് *നൃത്തം* എന്ന് പറയുന്നതും *ഭാവനാതീതം* എന്ന കഥാസമാഹാരത്തിലേത് സൈബർ കഥകളാണ് എന്ന് പറയുന്നതും കൃതിയുടെ ഭാവുകത്വത്തിന്റെയും അത് പങ്കുവയ്ക്കുന്ന വിഷയമേഖലയുടെയും അടിസ്ഥാനത്തിൽ ഈ സംജ്ഞയെ തിരിച്ചറിയുന്നതിന്റെ ഭാഗമായാണ്. കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും സ്വാധീനം ജീവിതരീതിയിൽ കൊണ്ടുവന്ന പരിണാമങ്ങളാണ് ഈ രചനകളുടെയെല്ലാം അടിസ്ഥാനം. "ഭൂഗോളത്തെ മുഴുവൻ ബന്ധിപ്പിച്ചിരിക്കുന്ന ഒരു  നെറ്റ്‌വർക്ക് മാത്രമല്ല, നാം ജീവിക്കുന്ന ഒരു പ്രതീതിലോകം കൂടിയാണ് ഇന്റർനെറ്റ്. ലോകം എന്ന സങ്കല്പത്തെത്തന്നെ അതു മാറ്റുന്നു. കർത്തൃത്വം, സ്വത്വം, ശരീരം, കാമന, യാഥാർത്ഥ്യം, എഴുത്ത് തുടങ്ങിയ അനേകം സംവർഗ്ഗങ്ങളെയും അത് പരിവർത്തനവിധേയമാക്കുന്നു. ഈ മാറ്റം സൃഷ്ടിക്കുന്ന അന്തരീക്ഷത്തിലാണ് സൈബർ കഥകൾ എഴുതപ്പെടുന്നത്. ഉത്തരാധുനികമായ സാഹിത്യഭാവനയുടെ അടയാളങ്ങളാണ് ഈ രചനകൾ. അതേ സമയം ഇവയെ സൈബർ കഥകൾ എന്നു വിശേഷിപ്പിക്കുന്നതിൽ സാങ്കേതികമായ പ്രശ്നവുമുണ്ട്. സൈബർ സ്പെയ്സിൽത്തന്നെ, ഇന്റർനെറ്റിലെ

വെബ്ജേണലുകളിലും സൈറ്റുകളിലും പ്രത്യക്ഷപ്പെടുന്ന സാഹിത്യമാണ് സൈബർ ലിറ്ററേച്ചർ എന്നു വിവക്ഷിക്കപ്പെടുന്നത്. ഈ സാഹിത്യം പ്രാരംഭദശയിലാണ് മലയാളത്തിൽ.'' (2007:260) എന്ന് പി.കെ. രാജശേഖരൻ എഴുതുന്നു. മലയാളത്തെ സംബന്ധിച്ചിടത്തോളം ഇന്ന് സൈബർ സ്പെയ്സിൽ പ്രത്യക്ഷപ്പെടുന്ന സാഹിത്യം എണ്ണം കൊണ്ട് വളരെ അധികമാണ്. പക്ഷേ അപ്പോഴും *നൃത്ത*ത്തെ സൈബർ നോവലെന്നും *ഭാവനാതീത*ത്തിലെ കഥകളെ സൈബർ കഥകളെന്നും മനസ്സിലാക്കിയ സമൂഹം ഇക്കാര്യം വേണ്ടത്ര തിരിച്ചറിഞ്ഞിട്ടില്ല. 'സാങ്കേതികമായ പ്രശ്ന'ത്തെ പരിഗണിക്കാതെ 'മലയാളത്തിലെ സൈബർ കഥകൾ' എന്ന തലക്കെട്ട് നല്കിയത് ഈ പ്രയോഗത്തെ സംബന്ധിച്ച തെറ്റായ കാഴ്ചയ്ക്ക് ഇടയാക്കി. *കൊടകരപുരാണ*ത്തിലും (www.kodakarapuranam.com) മറ്റ് ബ്ലോഗുകളിലും ഇന്റർനെറ്റിലെ മറ്റ് ഇടങ്ങളിലും പ്രസിദ്ധീകരിക്കുന്ന രചനകളെ സൈബർ സാഹിത്യമെന്ന് വിളിക്കുന്നത് പ്രസിദ്ധീകരിക്കുന്ന ഇടത്തെ ആധാരമാക്കിയാണ്. *കൊടകരപുരാണ*ത്തിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ നൃത്തത്തിലേതുപോലെ സൈബർ പശ്ചാത്തലമുള്ള വിഷയങ്ങളല്ല. മറിച്ച് നാടിനെക്കുറിച്ചുള്ള ഓർമ്മകളും അനുഭവങ്ങളുമാണ്. സൈബർ സാഹിത്യമെന്ന വിഷയത്തെ സംബന്ധിച്ച് ഇത്തരമൊരു ചർച്ച മുൻപ് നടന്നിട്ടില്ല. അതിനാൽ എന്താണ് ഈ സംജ്ഞകൊണ്ട് അർത്ഥമാക്കുന്നതെന്ന് വിശദീകരിക്കേണ്ടതുണ്ട്.

ഇന്ന് 'സൈബർ സാഹിത്യം' എന്ന സംജ്ഞ ഇന്റർനെറ്റിൽ - ബ്ലോഗ്, വെബ് മാഗസിൻ, മറ്റ് വെബ് സൈറ്റുകൾ എന്നിവിടങ്ങളിൽ - പ്രസിദ്ധീകരിക്കുന്ന സാഹിത്യരചനകളെ കുറിക്കാനാണ് ഉപയോഗിക്കുന്നത്. വാമൊഴി എന്നും വരമൊഴി എന്നും സാഹിത്യത്തെ വിഭജിക്കുന്നതു പോലെയുള്ള ഒരു വിഭജനമാണ് ഒരർത്ഥത്തിൽ ഇവിടെ നടക്കുന്നത്. (വാമൊഴി, വരമൊഴി എന്നതിന്റെ തുടർച്ച എന്ന നിലയിൽ 'തിരമൊഴി' എന്ന പദം കമ്പ്യൂട്ടറിലെ എഴുത്തിനെ സൂചിപ്പിക്കാൻ ചിലർ ഉപയോഗിക്കുന്നുണ്ട്.) നിലനിന്ന അച്ചടി മാധ്യമത്തിൽ നിന്ന് വ്യത്യസ്തമായി കമ്പ്യൂട്ടറും ഇന്റർനെറ്റും നല്കുന്ന

സാധ്യതകളാണ് ഇതിനെ വേറിട്ടതാക്കുന്നത്. ആ ഇടം നല്കുന്ന സാങ്കേതിക സൗകര്യങ്ങളെ ഉപയോഗിക്കാതിരുന്നാൽ പോലും പ്രസിദ്ധീകരണത്തിലെ മറ്റ് ഘടകങ്ങളിലുള്ള വൈവിധ്യത്താൽ അത് സൈബർ സാഹിത്യം തന്നെ. ഒരേ കവിത അച്ചടി മാധ്യമത്തിലും ബ്ലോഗിലും പ്രസിദ്ധീകരിച്ചാൽ ബ്ലോഗിലേത് സൈബർ സാഹിത്യമെന്ന വിഭാഗത്തിൽ പെടുമെന്ന് സാരം. ഇവിടെ, ഇന്റർനെറ്റിനെ സംബന്ധിച്ച് സ്ഥല - കാല സങ്കല്പങ്ങളിലുള്ള മാറ്റം, പത്രാധിപരിൽ നിന്നുള്ള സ്വാതന്ത്ര്യം, പുതുക്കലുകൾക്കുള്ള സാധ്യത എന്നീ ഘടകങ്ങൾ അതിനെ അച്ചടി മാധ്യമത്തിൽ നിന്നും വ്യത്യസ്തമാക്കുന്നു. ഒരർത്ഥത്തിൽ സ്ഥല - കാല സങ്കല്പങ്ങളിൽ അച്ചടി മാധ്യമത്തിൽ നിന്ന് ഭിന്നമായ തലം, പത്രാധിപരിൽ നിന്നുള്ള സ്വാതന്ത്ര്യം, പുതുക്കലുകൾക്കുള്ള സാധ്യത, ചർച്ചകൾക്കുള്ള വ്യത്യസ്തമായ സാധ്യത, വായനാ രീതിയിലുള്ള മാറ്റം എന്നീ ഘടകങ്ങളെല്ലാം ഇവിടെ ഏറെ പ്രധാനമാകുന്നു. ഇതു കൂടാതെ ബഹുമാധ്യമ (multi media) സാധ്യതകൾ ഇവിടെ ലഭ്യമാണെന്നതും ഹൈപർടെക്സ്റ്റ് സാധ്യതകളെ ഉപയോഗപ്പെടുത്താം എന്നതുമെല്ലാം സൈബർ സാഹിത്യത്തെ അച്ചടി സാഹിത്യത്തിൽ നിന്ന് ഭിന്നമാക്കുന്നു.

സൈബർ സ്പെയ്സ് നല്കുന്ന സാങ്കേതിക സാധ്യതകളാണ് ഇവിടെ പ്രധാനമാകുന്നത്. ഇത്തരത്തിൽ സാഹിത്യത്തിന്റെ നിലനിൽക്കുന്ന സാധ്യതകളെ ഘടനാപരമായി പൊളിച്ചെഴുതുന്നു സൈബർ സാഹിത്യം എന്നു പറയാം. Understanding Media(1964), Medium is the Massage (1967) എന്നീ പുസ്തകങ്ങളിൽ അച്ചടിയിൽ നിന്ന് ഭിന്നമായ ഇലക്ട്രോണിക് മാധ്യമസംസ്കാരം സ്ഥലത്തെയും കാലത്തെയും സംബന്ധിച്ച ധാരണകളിൽ കൊണ്ടുവന്ന വിച്ഛേദം മക്ലൂഹൻ ചർച്ച ചെയ്യുന്നുണ്ട്. പതിറ്റാണ്ടുകൾക്ക് ശേഷം അതേ ആശയങ്ങൾക്ക് കമ്പ്യൂട്ടറിനെയും ഇന്റർനെറ്റിനെയും മുൻ നിർത്തി കൂടുതൽ തീവ്രമായ അർത്ഥതലങ്ങൾ ഇന്ന് കൈവന്നിരിക്കുന്നു. ടെലിവിഷനും മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളും ചേർന്ന് സംഭാഷണമെന്നത് ഒരു ആഗോളമാനക

ത്തിന്റെ തലത്തിൽ മാത്രം സാധ്യമാകുന്ന ഒന്നായി പുനർവിഭാവനം ചെയ്തു വെന്നും ഇതു വഴി സന്ദേശം തന്നെ വ്യത്യസ്തതലത്തിൽ ആയി തീരുന്നു വെന്നും മക്ലൂഹൻ പറയുന്ന (Marshall McLuhan 2001:8) ആശയത്തിന് ടെലി വിഷൻ കാലത്തിൽ നിന്ന് മാറി സൈബർ കാലത്തെത്തുമ്പോൾ പുതിയ മാധ്യ മത്തെയും വിശദീകരിക്കാൻ സാധിക്കുന്നു. നിങ്ങൾ , നിങ്ങളുടെ കുടുംബം, പരിസരം, വിദ്യാഭ്യാസം, ജോലി, സർക്കാർ, മറ്റുള്ളവർ തുടങ്ങിയ തലക്കെട്ടുക ളിലൂടെ വിശദീകരിക്കുന്ന ഘടകങ്ങൾ വ്യത്യസ്തമായ നിലയിൽ സൈബർ ഭാവുകത്വത്തിന്റെ പുതിയ ലോകത്തേയും വിശദീകരിക്കുന്നതു കാണാം.

മലയാളത്തിൽ ഇന്ന് പ്രധാനമായി മൂന്ന് വിധത്തിലാണ് ഈ മേഖല നിലവിലുള്ളതെന്ന് പറയാം. ഒന്ന്, സ്വന്തം നിലയിൽ ഒരു വെബ് സൈറ്റ് ആരംഭിച്ച് പ്രവർത്തിക്കുന്ന വിഭാഗമാണ്. ഒരാൾ ഒരു സൈറ്റ് ഡിസൈൻ ചെയ്ത്, സ്പെയ്സ് പണം നല്കി വാങ്ങി ചെയ്യുമ്പോൾ അയാൾക്കിഷ്ടപ്പെട്ട നിലയിൽ പ്രസിദ്ധീകരണത്തിലും രൂപകല്പനയിലും സ്വാതന്ത്ര്യം ലഭിക്കുന്നു. ഒരർത്ഥത്തിൽ സ്വന്തമായി പണം മുടക്കി ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നതു പോലെയാണ് ഇതും. കൊടകരപുരാണം, ബെർലിത്തരങ്ങൾ തുടങ്ങിയ വെബ്സൈറ്റുകൾ ആദ്യം ബ്ലോഗിലൂടെ തുടങ്ങി ഇന്ന് വെബ്സൈറ്റായി നില്ക്കുന്നവയാണ്. രണ്ട്, ബ്ലോഗ് പോലുള്ള സൗജന്യ വെബ് പേജുകളുടെ ഉപയോഗമാണ്. ഇവിടെ മറ്റൊരു വ്യക്തിയോ സ്ഥാപനമോ സൗജന്യമായി നല്കുന്ന സാധ്യതകളാണ് നമുക്ക് ലഭ്യമാവുക. ലഭിക്കുന്ന സ്ഥലം, രൂപകല്പന എന്നീ കാര്യങ്ങളിൽ ചില പരിമിതികൾ ഈ രീതിക്ക് ഉണ്ട്. ഇതൊഴികെ മുൻപ് സൂചിപ്പിച്ചതു പോലുള്ള സ്വാതന്ത്ര്യങ്ങൾ എഴുത്തുകാരന് ഇവിടെയും ലഭിക്കുന്നു. സാമാന്യമായി ഇന്ന് മലയാളത്തിൽ ഏറ്റവുമധികം സൈബർ രചനകൾ നടക്കുന്നത് ഈ സൗജന്യരീതി ഉപയോഗിച്ച് തന്നെ ആണ്. മൂന്നാമത്തെ രീതി, ഓൺലൈൻ മാഗസിനുകളുടേതാണ്. പുഴ.കോം, മലയാളനാട്.കോം തുടങ്ങി നിരവധി മലയാളം മാഗസിനുകൾ നിലവിൽ

സൈബർ ലോകത്ത് ഉണ്ട്. ഇവിടെ ഒരു എഡിറ്റർ ഉണ്ടായിരിക്കും രൂപകല്പനയും മറ്റും ചെയ്യുന്നത് പ്രസാധകർ ആയിരിക്കും തുടങ്ങിയ പരിമിതികൾ ഉണ്ടായിരിക്കുമ്പോഴും സ്ഥലപരിമിതി അധികമില്ലാത്തതിനാൽ എഴുത്തുകാർക്ക് പ്രസിദ്ധീകരണത്തിന് ഇത് കൂടുതൽ സാധ്യതകൾ നല്കുന്നു. മുമ്പ് സൂചിപ്പിച്ചതു പോലെ തിരുത്തലുകൾക്കുള്ള സാധ്യത ഈ രീതി എഴുത്തുകാരന് നല്കുന്നില്ല. മറ്റൊരു വിഭാഗമായി സൂചിപ്പിക്കാവുന്നത്, ഓർക്കുട്ട്, ഫേസ്ബുക്ക്, ഗൂഗിൾ പ്ലസ് തുടങ്ങിയ സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകളിലുള്ള എഴുത്തും വിക്കിപീഡിയ പോലുള്ള സ്വതന്ത്ര വിജ്ഞാനകോശങ്ങളും പത്ര-ദൃശ്യ മാധ്യമങ്ങളുടെ വെബ് എഡിഷനുകളും മറ്റുമാണ്.

മലയാളത്തിൽ സൈബർ സാഹിത്യ മേഖലയിൽ യാത്രാവിവരണം ഏറ്റവുമധികം ഉണ്ടാകുന്നത് ബ്ലോഗുകളിൽ ആണ്. യാത്രകൾ ഒരു സാംസ്കാരികവിനിമയത്തിനും തിരിച്ചറിവുകൾക്കും ഇടമൊരുക്കുന്നെന്ന തിരിച്ചറിവുള്ള ഒരു വിഭാഗവും അലസമായ യാത്രകളിലൂടെ ഒഴിവു സമയത്തെ വിനിയോഗിക്കുന്നവരും തൊഴിലിന്റെ ഭാഗമായി യാത്രകൾ ചെയ്യുന്നവരും ഇന്ന് ഏറിവരികയാണ്. നിശ്ചയമായും ഇത്തരത്തിൽ മാറി വരുന്ന സാഹചര്യങ്ങൾ യാത്രയെന്ന ആശയത്തെ തന്നെ പുതിയ നിലകളിലും കാഴ്ചപ്പാടുകളിലുമാണ് കാണുന്നതും വിലയിരുത്തുന്നതും.

ഇന്റർനെറ്റോടുകൂടിയ മൊബൈൽ ഫോണുകൾ സൈബർ സാഹിത്യത്തിന്റെ വളർച്ചയിൽ ഇന്ന് പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഫോട്ടോകൾ, വീഡിയോകൾ എന്നിവ കാലതാമസം കൂടാതെതന്നെ പ്രസിദ്ധീകരിക്കാൻ ഇതുവഴി കഴിയുന്നു. ടൈപ്പ് ചെയ്യലിന്റെ സാങ്കേതികത അറിയാത്തവർക്കും ബ്ലോഗറാകാൻ കഴിയുന്നു എന്നത് ഇതിലൂടെ ലഭിക്കുന്ന സൗകര്യമാണ്.

സാങ്കേതിക വിദ്യയെ മനുഷ്യൻ ആശ്രയിക്കുന്ന സാഹിത്യം വളർച്ച

പ്രാപിച്ചു എന്ന് പറയുമ്പോഴും സാങ്കേതിക സാഹിത്യത്തിന് നിരവധിയായ ഗുണങ്ങളും ചില ദോഷങ്ങളും സൃഷ്ടിച്ചിട്ടുണ്ടെന്ന് കാണാം. നിശ്ചയമായും ഇവിടെ ഗുണവശങ്ങൾക്ക് തന്നെയാണ് മനുഷ്യചരിത്രം വലിയ പ്രധാന്യം നല്കി സ്വകരിച്ചിട്ടുള്ളത് എന്ന കാര്യത്തിൽ സംശയമേതുമില്ല. എന്നാൽ ഏത് വിഷയത്തിലും ഉള്ള ഗുണത്തോടൊപ്പമുള്ള ദോഷവശങ്ങൾ ഇവിടെയും ഉണ്ടെന്നുമാത്രം.

**സാങ്കേതികവിദ്യ സാഹിത്യത്തിൽ സാധ്യമാക്കിയ നേട്ടങ്ങൾ**

സാഹിത്യത്തെ ജനകീയവത്കരിച്ചു എന്നതാണ് സാങ്കേതികവിദ്യ സാധ്യമാക്കിയ പ്രധാന നേട്ടം. ഇന്ന് സൈബർ കാലഘട്ടത്തിലും ഇതിന്റെ വിപുലനം നടക്കുകയും ചെയ്യുന്നു. സാഹിത്യം മാത്രമല്ല അക്ഷരാഭ്യാസം തന്നെയും എല്ലാവിഭാഗം ജനങ്ങൾക്കും സാധ്യമാക്കിയതിനു പിന്നിൽ സാങ്കേതിക വിദ്യയുടെ പങ്കാണ് പ്രധാനം. സമൂഹത്തിലെ ഒരു വരേണ്യ വിഭാഗത്തിന് മാത്രം സ്വായത്തമായിരുന്ന അറിവുകളും കഴിവുകളും അച്ചടിയുടെ കടന്നുവരവോടെ ആഗ്രഹിക്കുന്നവർക്ക് നേടാൻ കഴിയുന്ന ഒന്നായി മാറി. സമൂഹത്തിലെ പല അനാചാരങ്ങളെയും മാറ്റിയെടുക്കുന്നതിൽ ആധുനികതയുടെ കണ്ടുപിടുത്തങ്ങൾക്ക് പങ്കുണ്ടെന്ന് കാണും. ട്രെയിനും ബസ്സുമടങ്ങുന്ന പൊതുഗതാഗത സംവിധാനത്തിൽ നിന്ന് തൊട്ടുകൂടായ്മയുടെ പേരിൽ മാറിനില്കലോ മാറ്റിനിർത്തലോ സാധ്യമാകില്ലല്ലോ? അതുപോലെ തന്നെ അച്ചടിച്ച പുസ്തകങ്ങളിലൂടെ വിതരണം ചെയ്യപ്പെടുന്ന ചരിത്രവും സാർവത്രിക വിദ്യാഭ്യാസവും അതുവരെയുള്ള സാമൂഹ്യ ചരിത്രത്തെ മാറ്റി മറിക്കുക തന്നെയാണ് ചെയ്തതെന്ന് പറയാം. ലോക ചരിത്രത്തെ ഇന്ന് രണ്ടായി വിഭജിക്കണമെങ്കിൽ അത് അച്ചടിക്ക് മുൻപും പിൻപും എന്ന നിലയിൽ ആയിരിക്കും. അച്ചടി ഒരു സാങ്കേതിക ഘടകം ആയിരിക്കുമ്പോൾ തന്നെ അത് സാധ്യമാക്കിയ സാമൂഹ്യ ചാലകത്വം വിവിധ അടരുകളായി സമൂഹത്തിന്റെ അടിത്തട്ടിലേക്ക് ഇറങ്ങിച്ചെല്ലുന്നതായിരുന്നു മനുഷ്യസമൂഹത്തിന്റെ വളർച്ചയുടെ എല്ലാ തലങ്ങളിലും ഈ സാങ്കേതികവിദ്യയ്ക്ക് ഇടപെടാനായിട്ടുണ്ട്. എന്ന്

മാത്രമല്ല ഇതിൽ നിന്ന് ഒഴിവായിക്കൊണ്ട് ഒരാൾക്കും ജീവിതം സാധ്യമല്ല എന്ന നിലയിലുള്ള പ്രാധാന്യം തന്നെ അച്ചടിക്ക് കൈവന്നുവെന്ന് പറയാം. സാഹിത്യരംഗത്തിൽ മാത്രമല്ല ജീവിതത്തിന്റെ നാനാ തുറകളിലും ഈ ഇടപെടൽ സാധ്യമാകുന്ന ഒരു സാങ്കേതികതയായിരുന്നു അച്ചടി. ഇന്ന് ഡിജിറ്റൽ മാധ്യമ ലോകം മറ്റൊരർത്ഥത്തിൽ ഈ ചാലകശേഷി കൈവരിച്ചിരിക്കുന്നതായി കാണാം. ഇന്റർനെറ്റിന്റെ ലോകം പുസ്തകലഭ്യതയിലും അറിവിന്റെ വിതരണത്തിലും കൊണ്ട് വന്ന വിപ്ലവം ചെറുതല്ലല്ലോ. വിവരം വിരൽത്തുമ്പിൽ എന്ന് പറയുന്ന ഈ അവസ്ഥ ദൂരസ്ഥലങ്ങളിരിക്കുന്ന അറിവിന്റെ വിശാലതയെ നമുക്കരികിലേക്ക് എത്തിച്ചു. ഇന്ന് ഓൺലൈൻ പുസ്തകവിപണിയെയും നിയന്ത്രിക്കുന്ന ഒന്നാണെന്ന് കാണാം. കൂടാതെ  ഡിജിറ്റൽ ഫയലുകൾ എത്രയും നമുക്ക് ശേഖരിക്കാൻ ഇന്റർനെറ്റ് എന്ന മാധ്യമസാങ്കേതികത വഴിയൊരിക്കിയിരിക്കുന്നു. ഇതുവഴി സ്ഥലത്തിന്റെയും കാലത്തിന്റെയും പരിമിതികളെ മറികടന്ന് സഞ്ചരിക്കാൻ സാഹിത്യത്തിനും വഴിയൊരുങ്ങുകയായിരുന്നു. ഇ-ബുക്ക് റീഡറുകളുടെ കടന്നുവരവോടെ സാഹിത്യം പുതിയൊരു ഭൗതികതയെ തൊട്ടറിയുകയാണെന്ന് പറയാം. ആമസോൺ, ഗൂഗിൾ, ആപ്പിൾ തുടങ്ങി നിരവധി പ്രസാധകർ ഇന്ന് സാഹിത്യകൃതികളുടെ ഡിജിറ്റൽ പതിപ്പുകൾക്കാണ് പ്രമുഖ്യം നൽകുന്നത്. ആമസോൺ കിന്റൽ എന്ന ഇ-ബുക്ക് റീഡർ ഇതിന് സഹായിക്കുന്നു. അവരുടെ അഭിപ്രായത്തിൽ അച്ചടിച്ച പുസ്തകങ്ങളേക്കാൾ ഡിജിറ്റൽ ബുക്കുകൾക്ക് ആൾക്കാർ  കൂടുതലാണ്.

The girl with dragon tatoo എന്ന നോവൽ 2008ൽ ഏകദേശം 10ലക്ഷത്തോളം ഓൺലൈൻ കോപ്പികൾ വിറ്റുപോയി Best seller of the year ആയി. നിരവധി എഴുത്തുകാർ ഓൺലൈൻ പ്രസാധനത്തിലൂടെ പ്രശസ്തി നേടി. ഇന്ത്യയിൽ ഈ വിപണി പ്രചാരത്തിൽ എത്തിക്കൊണ്ടിരിക്കുന്നതേയുള്ളൂ എന്ന് പറയാം. സാങ്കേതികവിദ്യ സാഹിത്യത്തിന് നൽകുന്ന മറ്റൊരു വലിയ ഇടമാണ് സൈബർ ലോകം. സമൂഹമാധ്യമങ്ങൾ എന്നറിയപ്പെടുന്ന

ബ്ലോഗുകളും ഫേസ്ബുക്കും പോലുള്ള ഇടങ്ങൾ എഴുത്തിന് പുതിയ സാധ്യതകൾ നല്കിയിട്ടുള്ളതായി കാണാം. ഈ സൈബർ ഇടങ്ങളുടെ സമർത്ഥമായ ഉപയോഗം മുൻപ് സൂചിപ്പിച്ച അച്ചടിയുടെ ലോകത്തിന് ബദലായി ഇന്ന് നിലവിൽ വന്നുകൊണ്ടിരിക്കുന്നു. മൊബൈൽ ഫോൺ എന്ന സാങ്കേതികത കൊണ്ടുവന്ന ഉപകരണവും അതിന്റെ സംവിധാനങ്ങളിൽ കടന്നുവന്ന മാറ്റവുമെല്ലാം ഈ പുതിയ ലോകത്തിന്റെ സൃഷ്ടിയിൽ പ്രധാന പങ്കുവഹിച്ചെന്ന് കാണാം.

സാഹിത്യകാരനും വായനക്കാരനും തമ്മിലുള്ള അകലത്തെ സാങ്കേതികവിദ്യ മാറ്റിയെടുത്തു എന്ന് പറയാം. ഇന്ന് ആവശ്യമെങ്കിൽ ആരോഗ്യകരമായ ചർച്ചകൾക്കയുള്ള ഇടം സൈബർലോകം എഴുത്തുകാർക്കും അവരുടെ വായനക്കാർക്കും നല്കുന്നു. സൈബർ മേഖലയിൽ എഴുതുന്ന എഴുത്തുകാരെ എന്നല്ല ഇവിടെ ഉദ്ദേശിച്ചത് പുസ്തകങ്ങൾ എഴുതുന്നവരെ തന്നെയാണ്. വായനക്കാരുമായി നവമാധ്യമങ്ങളിലൂടെ സംവദിക്കുന്ന ഒരു എഴുത്തുകാരന്റെ സാഹിത്യ രചന നിശ്ചയമായും പുനർനിർമ്മിക്കപ്പെട്ട ശൈലികളും വിഷയങ്ങളും കണ്ടെത്താതെ തരമില്ലല്ലോ. ഓൺലൈൻ മേഖലയിലൂടെ വളർന്നു വരുന്ന വിദ്യഭ്യാസ സ്ഥാപനങ്ങൾ ഇന്ന് സാഹിത്യ രചനയുടെ മേഖലയേയും ഭാഷാ പഠനമേഖലയെയും പ്രധാന്യമുള്ളതായി കാണുന്നുണ്ട്. നിശ്ചയമായും സാങ്കേതികവിദ്യയുടെ ഈ ഇടപെടൽ പുതിയ വരാനിരിക്കുന്ന ഭാവുകത്വത്തിൽ പ്രധാനമാകും എന്ന് പറയാം.

ഒരു എഴുത്തിന്റെ മുന്നൊരുക്കത്തിന് വേണ്ട വിവരശേഖരണത്തിന് സാങ്കേതികവിദ്യ എഴുത്തുകാർക്ക് നല്കുന്ന സാധ്യതകൾ ഏറെ അധികമാണെന്നു കാണാം. മറ്റൊരുനാട്ടിലെ സംസ്കാരത്തെ മുൻനിർത്തി എഴുതുന്ന ഒരെഴുത്തുകാരനെ സംബന്ധിച്ച് വിവരശേഖരണം ഇന്ന് ഏറെ എളുപ്പമുള്ള കാര്യമാണ്. 1965ൽ പ്രസിദ്ധീകരിച്ച പത്മരാജന്റെ ലോല എന്ന ചെറുകഥയിൽ അദ്ദേഹം അമേരിക്കൻ നഗരങ്ങളെ അവിടത്തെ സംസ്കാരവുമായി കണ്ണിചേർത്ത് അവതരിപ്പിക്കുന്നതിലെ വൈദഗ്ദ്യവും

പ്രാധാന്യവും അത്ഭുതമായി തോന്നിയത് ഈ കൃതിയെഴുതിയയാൾ അമേരിക്കയിൽ പോയിട്ടില്ല എന്നറിഞ്ഞപ്പോഴാണ്. എന്നാൽ ഇന്നത്തെക്കാലത്തോ ഏതൊരു എഴുത്തുകാരനും സ്വന്തം ഗ്രാമത്തെക്കുറിച്ച് വർണ്ണിക്കുന്നത് സാഹിത്യ രചനയിൽ ഉപയോഗപ്പെടുത്തുന്നത് പോലെ ലോകത്തിന്റെ ഏതൊരു മുക്കിലുള്ള സ്ഥലത്തെ ഉപയോഗിക്കാൻ കഴിയുന്നു.ഇതിനായി ഇന്റർനെറ്റിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തിയാൽ മാത്രം മതി. പത്മരാജൻ എഴുതുന്ന കാലത്ത് ടെലഫോൺ പോലും പ്രചാരത്തിൽ ഇല്ലെന്നോർക്കണം!സാഹിത്യരംഗത്തെ മറ്റേതൊരു മേഖലയെയും എന്നത് പോലെത്തന്നെ സാങ്കേതികവിദ്യ ഇന്ന് ഏറെ സഹായിച്ചിട്ടുള്ളതായി കാണാം. ഇതിന്റെ മറ്റൊരു സാധ്യതയാണ് വിവർത്തനരംഗത്തിന് ലഭിക്കുന്ന സഹായം.ഇന്ന് ഓൺലൈൻ നിഘണ്ടുകളും വെബ്സൈറ്റുകളും സോഫ്റ്റവയറുകളും വലിയതോതിൽ വിവർത്തനരംഗത്തെ സഹായിക്കുന്നുണ്ട്. ഒരു സാഹിത്യ രചനയുടെ വിവർത്തനത്തിനായി മറ്റ് വിവരശേഖരണത്തോടൊപ്പം പദങ്ങളുടെ കണ്ടെത്തലും സാങ്കേതികവിദ്യയുടെ വളർച്ചയിൽ എളുപ്പമായി മാറിയിരിക്കുന്നു. നേരിട്ട് വിവർത്തനം ചെയ്യുന്ന google translate പോലുള്ള വെബ്സൈറ്റുകളെയും മറ്റും ആശ്രയിച്ച് ഏകദേശ വിവർത്തനം നേടുന്നത് വിവർത്തന പ്രക്രിയയെ വളരെയധികം സഹായിക്കുന്നുണ്ട്.

ഒരു കാലത്ത് സിനിമ എന്ന ദൃശ്യകലയുടെ ആരംഭത്തിൽ സാഹിത്യം ശ്രേഷ്ഠപദവിയുള്ള ഒന്നായിരുന്നു. ആ പദവിമൂല്യം സിനിമ സാഹിത്യത്തെ ഉപജീവിക്കുന്നതിൽ പ്രധാനകാരണമായിരുന്നു. എന്നാൽ സാങ്കേതികമേഖലയിലെ സിനിമയുടെ വളർച്ച ക്രമാനുഗതമായി സംഭവിച്ചുകൊണ്ടിരിക്കുന്നു. വാസ്തവത്തിൽ പുതിയ കാലത്തെ സാഹിത്യ രചനകളിൽ ദൃശ്യഭാഷയുടെ സ്വാധീനം കാണാവുന്നതാണ്. സാങ്കേതികവിദ്യയുടെ വളർച്ച സാഹിത്യത്തിന്റെ ആഖ്യാനരീതിയേയും ഉള്ളടക്കത്തെതന്നെയും സ്വാധീനിക്കുന്നത് നമുക്കിവിടെ കാണാം. പൂർണ്ണമായും

ആധുനികസാങ്കേതിക വിദ്യ സാധ്യമാക്കിയ കലാരൂപമാണ് സിനിമ. എല്ലാ വിഭാഗം ജനങ്ങൾക്കും ആസ്വാദനം പ്രാപ്യമായതിനാൽ തന്നെ ഈ കല ജനപ്രിയമായിത്തീരുകയും ചെയ്തു. സാഹിത്യത്തിന് പോലും സാക്ഷരതയുടെ ആവശ്യം നിലനിൽക്കുമ്പോഴാണ് നിരക്ഷരരിലേയ്ക്ക് പോലും എത്തിച്ചേരാൻ സിനിമയ്ക്ക് കഴിഞ്ഞത്. ഇന്റർനെറ്റും മൊബൈൽ ഫോണും പോലുള്ള അതിവേഗസ്വാധീനതയുള്ള സങ്കേതികവിദ്യകൾക്ക് സാഹിത്യത്തിലിടപെടാൻ സാധിക്കുന്നതിന്റെ സൂചനയാണ് സൈബർ സാഹിത്യം.

ഒരു ഭാഗത്ത് ഇത്തരം സാങ്കേതിക വിദ്യകളെ എഴുത്തിനായി ഉപയോഗപ്പെടുത്തുന്ന അവസ്ഥ സാഹിത്യരചനയിൽ സ്വാധീനം ചെലുത്തുന്നുണ്ട് എന്നു പറയാം. അച്ചടിയുടെ കടന്നുവരവ് വിപ്ലവമായിരുന്നെങ്കിൽ ഡി.ടി.പി. എത്തുമ്പോൾ അതിന് പുതിയൊരു മാനം കൈവരുന്നത് കാണാം. വിവിധ രൂപങ്ങളിലുള്ള അക്ഷരങ്ങൾ വായനയിൽ സ്വാധീനം ചെലുത്തുന്നു. വിഷയത്തിന്റെ സ്വഭാവവും പ്രാധാന്യവും ഉൾക്കൊള്ളാനായി ഫോണ്ടിന് (അക്ഷരങ്ങളുടെ രൂപം) സാധിക്കുമ്പോൾ സാങ്കേതിക വിദ്യയുടെ സ്വധീനം പുതിയ മാനങ്ങൾ കണ്ടെത്തുന്നു. ടൈപ്പ്റൈറ്ററിന് കഴിയാതിരുന്ന പുതിയ ഭാവുകത്വം ഡി.ടി.പി.യ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യയുടെ വളർച്ച സാഹിത്യത്തെ വലിയ തോതിൽ സ്വാധീനിച്ചിട്ടുണ്ടെന്ന് പറയാം. ഇതിൽ ആദ്യ വിപ്ലവമായി കരുതുന്നത് അച്ചടിയുടെ കണ്ടുപിടുത്തമാണ്. ആധുനികത (modernity) എന്ന സാമൂഹികാവസ്ഥയെ സൃഷ്ടിച്ചതിൽ തന്നെ അച്ചടിയുടെ കടന്നുവരവിന്റെ പങ്ക് പ്രധാനമാണ്. തുടർന്ന് ഇലക്ട്രോണിക് മാധ്യമങ്ങൾ ആണ് അടുത്ത വഴിത്തിരിവ് സൃഷ്ടിച്ചത്. അങ്ങനെ പ്രന്റ് മോഡേണിസവും ഇലക്ട്രോണിക് പോസ്റ്റ് മോഡേണിസവും ആയി ഇവ അറിയപ്പെട്ടു.

ആധുനികവ്യക്തിയെ സൃഷ്ടിക്കുന്നതിൽ പ്രധാന ഉപകരണമായി പ്രവർത്തിച്ചത് അച്ചടിയും അതിലൂടെ സാധ്യമായ അറിവിന്റെ വ്യാപനവുമാണെന്ന് നിസ്സംശയം പറയാം. പതിനഞ്ചാം ശതകത്തോടെ രൂപം കൊണ്ട 'ഗുട്ടൻ ബർഗ് ഗാലക്സി' ഏറ്റവും സ്വാധീനിച്ചത് ആ കാലഘട്ടത്തിൽ രൂപപ്പെട്ടുവന്ന മധ്യവർഗത്തെ ആയിരുന്നു എന്നു കാണാം. ഇത്തരത്തിൽ ഉയർന്നു വന്ന ബഹുജന മാധ്യമമായി മാറിയ അച്ചടി മാധ്യമങ്ങൾക്ക് സമൂഹത്തെ വഴിതിരിച്ചു വിടാൻ തന്നെ കഴിഞ്ഞു എന്ന് ചരിത്രം വിലയിരുത്തിയാൽ മനസ്സിലാക്കാം. വായനയിലൂടെയും അറിവിന്റെ ജനാധിപത്യവത്കരണ പ്രക്രിയയിലൂടെയും ഒരു പുതിയ സവിശേഷവ്യക്തി രൂപപ്പെടുകയായിരുന്നു എന്ന് കാണാം. ഈ 'സവിശേഷ വ്യക്തി'യാണ് ആധുനിക മനുഷ്യൻ എന്നത്. ഒരേ സമയം ആധുനികതയുടെ സൃഷ്ടിയായി രൂപപ്പെടുകയും ആ സമൂഹത്തെ നിർമ്മിക്കുകയും ചെയ്തു അച്ചടി എന്ന് പറയാം. അച്ചടിയുടെ സഹായത്തോടെ വളർന്നു വന്ന പത്രമാധ്യമങ്ങൾ ആണ് ആധുനിക മനുഷ്യനെ മുൻഗാമികളിൽ നിന്ന് വ്യത്യസ്തമായി രൂപപ്പെടുത്തിയത്. സ്ഥലത്തെയും കാലത്തെയും അതിജീവിക്കുന്നതിനുള്ള ആദ്യ സാധ്യതകൾ വിപ്ലവകരമായ അളവിൽ സാധ്യമായത് ഈ സന്ദർഭത്തിലാണെന്ന് പറയാം. നമ്മുടെ രാജ്യത്തെ ദേശീയതയെ രൂപപ്പെടുത്തിയതിലും ഇതിന്റെ സ്ഥാനം ഒട്ടും പുറകിലല്ല.

സാക്ഷരതയുടെ ഒരു പുതിയ ലോകത്തെ അച്ചടിക്ക് നിർമ്മിക്കാനായി. ക്ലാസിക് കൃതികളിൽ നിന്ന് വ്യത്യസ്തമായി നോവൽ പോലുള്ള പുതിയ സാഹിത്യരൂപങ്ങളെ അച്ചടി സാധ്യമാക്കി. ആധുനികത കണ്ടുവന്ന ബോധ്യങ്ങൾ പുതിയ സാഹിത്യരൂപങ്ങളെ സൃഷ്ടിക്കുകയായിരുന്നു. നോവൽ മാത്രമല്ല, ആത്മകഥയും യാത്രാവിവരണവുമെല്ലാം ഇതു വഴി വന്നെത്തി. ആധുനിക വ്യക്തിയുടെ ലോക ബോധമാണ് ഈ സാഹിത്യരൂപങ്ങളുടെ പിറവിക്കു പിന്നിൽ പ്രവർത്തിച്ചതെന്നു കാണാം. പത്രഭാഷയുടെയും മറ്റു ശ്രേഷ്ഠ മാതൃകളെ മാറ്റിനിർത്തി വമൊഴിരൂപങ്ങൾക്ക് പ്രധാന്യം ലഭിക്കുന്ന

അവസ്ഥയിലേയ്ക്ക് ഭാഷയെ വഴിതിരിക്കാൻ ഈ പ്രവണതകൾക്ക് കഴിഞ്ഞു. ആധുനിക പൂർവ്വഘട്ടത്തിലെ കൂട്ടായ മനുഷ്യനിൽനിന്ന് ഒറ്റയായ ആധുനിക വ്യക്തിയെ രൂപപ്പെടുത്തിയത് നോവൽ പോലുള്ള സാഹിത്യരൂപങ്ങൾ കൂടിയാണ്. മറ്റൊരു നിലയിൽ സാങ്കേതികവിദ്യ മനുഷ്യ ചരിത്രത്തെ മാറ്റി മറിച്ചതിന്റെ പരിണിതഫലമായിരുന്നു ആധുനിക വ്യക്തി എന്നു പറയാം.

# അധ്യായം രണ്ട്
# ബ്ലോഗ്

'ബ്ലോഗ്' എന്നത് സാമ്പത്തിക ചെലവില്ലാത്ത സ്വതന്ത്രമായി ലഭിക്കുന്ന ഒരു വെബ് പേജ് ആണ് എന്ന് പറയാം. ഇത് വ്യക്തിഗത പേജുകളായും സ്ഥാപനങ്ങളുടെ പേജുകളായും രൂപപ്പെടുത്താറുണ്ട്. വെബ് ലോഗ്(web log)എന്നീ രണ്ട് പദങ്ങൾ കൂടി ച്ചേർന്നാണ് blog എന്ന പദം രൂപപ്പെടുതെന്ന് പറയുന്നു. വ്യക്തികൾ തങ്ങളുടെ ഡയറിക്കുറപ്പുകൾ പോലെ കൈകാര്യം ചെയ്തിരുന്ന വെബ് പേജുകളിൽ നിന്നാണ് ബ്ലോഗുകളുടെ പിറവി എന്ന് കാണാം. 1990 കളിൽ ആണ് ഇതിന്റെ തുടക്കം. ജസ്റ്റിൻ ഹോൾ ആണ് ആദ്യ ബ്ലോഗറായി അറിയപ്പെടുന്നത്. 21–നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ബ്ലോഗിങ് ഒരു സവിശേഷ മേഖലയായി വളർന്നു വന്നു. ബ്ലോഗിനെക്കുറിച്ചുള്ള ചർച്ചകളും എഴുത്തുകളും ഈ ഘട്ടത്തിൽ സജീവമായി. അമേരിക്കയിലെ വിവിധ തെരെഞ്ഞടുപ്പുകളിൽ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്ന ഒരു ഇടമായി ബ്ലോഗുകൾ മാറി. വാർത്തകൾ പ്രചരിപ്പിക്കുന്നതിനുള്ള ഒരു മാധ്യമം എന്ന സാധ്യത ഇത്തരം വിഷയങ്ങളിലൂടെ ബ്ലോഗിന് കൈ വന്നു. ഇറാഖ് യുദ്ധകാലത്ത് ബ്ലോഗുകളുടെ ഈ കഴിവ് ഏറെ ശ്രദ്ധ്ക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്തു. രണ്ടാമത്തെ ഇറാഖ് യുദ്ധകാലത്ത് ബ്ലോഗെഴുത്തുകാരായ സലാം പാക്സിനെ പോലുള്ള വരുടെ ബ്ലോഗുകൾ ലോകശ്രദ്ധയാകർഷിച്ചു. യുദ്ധം ചെയ്യുന്ന സൈനികർക്കും ബ്ലോഗുകൾ ഉണ്ടായിരുന്നു.ഇതെല്ലാം മുഖ്യധാരാമാധ്യമങ്ങളിൽ നിന്ന് വ്യത്യസ്തമായ കാഴ്ചപ്പാടുകൾ യുദ്ധത്തെ സംബന്ധിച്ച് വായനക്കാർക്ക് ലഭ്യമാക്കി.

മലയാളത്തിൽ ഇന്ന് സാഹിത്യം, പാചകം, സംഗീതം, ഫോട്ടോഗ്രഫി തുടങ്ങി വ്യത്യസ്ത മേഖലകൾ കൈകാര്യം ചെയ്യുന്ന ബ്ലോഗുകൾ നിലവിലുണ്ട്. ബ്ലോഗുകളിൽ പരസ്യങ്ങൾ ഉൾപ്പെടുത്തുകവഴി ഇതൊരു വരുമാനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരും ധാരാളമാണ്. ബ്ലോഗിലൂടെയുള്ള പ്രതീതിലോകം

ബൂലോകം എന്നും ബ്ലോഗ് ചെയ്യുന്നയാളെ ബ്ലോഗർ എന്നും മലയാളത്തിൽ അഴിയപ്പെടുന്നു. ബ്ലോഗ് വായനയ്ക്ക് ബ്ലോഗന എന്ന് പറയുന്നു.

സാങ്കേതിക വിദ്യയുടെ പുരോഗതിയിൽ കൂടുതൽ സൗകര്യങ്ങളുള്ള ഭൗതിക സാഹചര്യങ്ങൾ പിറവിയെടുക്കാറുണ്ട്. അച്ചടി അങ്ങനെ കടന്നു വന്ന ഒരു സാങ്കേതിക വിദ്യ ആയിരുന്നു. പത്രങ്ങളും ആനുകാലികങ്ങളും പുസ്തകങ്ങളും അച്ചടി സാധ്യമാക്കിയത് പോലെ തന്നെ നോവൽ, ജീവചരിത്രം, യാത്രാവിവരണം തുടങ്ങിയ നിരവധി സാഹിത്യ രൂപങ്ങളെയും അച്ചടി സൃഷ്ടിച്ചു. ഓർത്തു വയ്ക്കാൻ എളുപ്പമുള്ള ഛന്ദോബന്ധമായ രചനകളിൽ നിന്ന കറന്റ് ഗദ്യത്തിന്റെ ഒരു വലിയ വികാസം അച്ചടി സാധ്യമാക്കി. അങ്ങനെ ആധുനികതയെ നേരിട്ട് പ്രതിനിധാനം ചെയ്യുന്ന സാങ്കേതിക വിദ്യയായി അച്ചടി മാറി. വിവരങ്ങളെ സമൂഹത്തിലേയ്ക്ക് പടർത്തിവിടാൻ, വിവരങ്ങൾക്ക് പറന്നിറങ്ങാൻ അച്ചടി വഴിയൊരുക്കി എന്ന് പറയാം. എന്നാൽ അവിടെയും നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. അച്ചടിയുടെ സാമ്പത്തിക ചിലവ് അത് വായനക്കാരിലേയ്ക്ക് എത്തിക്കുന്നതിനായുള്ള കടമ്പകൾ എന്നിവ നിലനിന്നു. പ്രസാധകർ, പത്രധിപർ തുടങ്ങിയവരുടെ പടിപ്പുരകൾ (gate keeping)കടന്നു മാത്രമേ ആശയത്തിന് സമൂഹത്തിലേയ്ക്ക് പ്രചരിക്കാൻ കഴിയൂ എന്ന അവസ്ഥ അച്ചടിയ്ക്ക് ഉണ്ടായിരുന്നു.

എന്നാൽ കമ്പ്യൂട്ടറും ഇന്റർനെറ്റും ഈ പരിമിതികളെ മറികടന്ന സാങ്കേതികവിദ്യയാണ്. ഇതുവഴി എഴുത്തുകാരന്റെ പ്രശസ്തി എഴുത്തിനുള്ള മാനദണ്ഡമേ അല്ലാതായി മാറി. ആരെഴുതുന്നതും വായനാസമൂഹത്തിലേയ്ക്ക് എത്തിക്കാം എന്നായി മാറി. സാമ്പത്തിക ചെലവ് തീരെ കുറവാണ് എന്നത് ഈ മാധ്യമങ്ങളുടെ മറ്റൊരു നേട്ടമാണ്. വായനക്കാരുടെ പക്ഷത്തുനിന്നും ഏറെ സൗകര്യപ്രമേയ മാധ്യമമായി ഇന്റർനെറ്റിനെ കാണാം. കാരണം എന്താണ് ആവശ്യം എന്നത് മുൻനിർത്തി തെരെഞ്ഞടുപ്പിനുള്ള സാധ്യതയാണ് ഇവിടെ പ്രധാനമാകുന്നത്. ഹൈപ്പർ ടെക്സ്റ്റ്, മൾട്ടിമീഡിയ, ഗ്രാഫിക്സ് തുടങ്ങി

ആകർഷകവും സൗകര്യപ്രദവുമായ നിരവധി സാധ്യതകളും ഈ മാധ്യമങ്ങൾക്ക് ഉണ്ടെന്നു കാണാം.

ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടറിൽ മാത്രമല്ല മൊബൈലിലും ഇന്ന് പ്രസിദ്ധീകരണവും വായനയും ആകാം എന്നത് സൈബർ ലോകത്തെ അച്ചടിപോലെ ഒരു പക്ഷേ അച്ചടിയേക്കാൾ ജനകീയമാകാൻ സഹായിച്ചിട്ടുണ്ട് എന്നു പറയാം. ഇംഗ്ലീഷ് ഭാഷയായിരുന്നു കമ്പ്യൂട്ടറിന് ആദ്യഘട്ടത്തിൽ വഴങ്ങിയിരുന്നതെങ്കിൽ ഇന്ന് കാര്യങ്ങൾ മാറി യൂണിക്കോണെന്ന സ്റ്റാന്റേഡിലൂടെ മലയാളം അടക്കമുള്ള ഭാഷകളിലെ അക്ഷരങ്ങളെ കമ്പ്യൂട്ടറിൽ പ്രാപ്യമാക്കിയിട്ടുണ്ട്. ഇതിനായുള്ള അഞ്ജലി, രചന തുടങ്ങിയ ഫോണ്ടുകൾ കമ്പ്യൂട്ടറിൽ ഉൾപ്പെടുത്തിയിരിക്കണം. ഇത് താരതമ്യേന ലളിതമായി ചെയ്യാവുന്ന കാര്യമാണ്. ഡൗൺലോഡ് ചെയ്ത് ഫോണുകൾ ഉള്ള ഫോൾഡറിൽ ചേർത്താൽ മാത്രം മതി. ഇതോടെയാണ് മലയാളത്തിലും ബ്ലോഗ് എന്ന സവിശേഷ മാധ്യമ സാധ്യത പിറവിയെടുക്കുന്നത്.

ഇന്റർനെറ്റിൽ സാഹിത്യഭാവുകത്വത്തിലും പ്രസിദ്ധീകരണ പ്രവണതയിലും പുതുമ സൃഷ്ടിച്ച മാധ്യമമാണ് ബ്ലോഗ്. ഇന്റർനെറ്റിൽ സൗജന്യമായി ലഭ്യമാകുന്ന വെബ് പേജുകളിൽ ഒരാളുടെ താത്പര്യാനുസരണം ആശയപ്രചരണത്തിനുള്ള സാധ്യതയാണ് ബ്ലോഗിലൂടെ സാധ്യമാകുന്നത്. അത് ഏത് വിധത്തിലുള്ളതും ആകാം. അനുഭവക്കുറിപ്പുകൾ, പത്രപ്രവർത്തനം, സംഗീതം, പാചകം, ഫോട്ടോഗ്രഫി തുടങ്ങി എണ്ണമറ്റ വിഭാഗങ്ങൾ ഇന്ന് മലയാളം ബ്ലോഗുകളിൽ സജീവമാണ്. എഴുത്തിലും, വായനയിലും, രൂപകൽപ്പനയിലും സാമ്പ്രദായിക മാധ്യമങ്ങളുടെ പരിമിതികൾ തകർത്തുകൊണ്ടാണ് ബ്ലോഗുകൾ പ്രയാണമാരംഭിക്കുന്നതെന്ന് സാമാന്യമായി പറയാം. (സിബു മോടയിൽ (എഡി.) 2010: 126). "മലയാളത്തിലെ ബ്ലോഗ് എഴുത്തുകാർക്കിടയിൽ കേരളത്തിന്റെ മുഴുവൻ വർഗ്ഗപ്രാതിനിധ്യം ഇല്ലെങ്കിലും ബ്ലോഗുകൾ കേരളത്തിലെ സാമൂഹ്യ വിഷയങ്ങളിൽ വളരെ ജാഗ്രതയോടെ ഇടപെടുകയും പ്രതികരിക്കുകയും

ചെയ്യുന്ന കൂട്ടായ്മയായി മാറിയിട്ടുണ്ട്" (സിബു മോടയിൽ (എഡി.) 2010:67) എന്ന് 'മലയാളം ബ്ലോഗുകളും മലയാളിയും' എന്ന പ്രബന്ധം ഉപസംഹാരത്തിൽ പറയുന്നത് കേരളത്തിലെ ബ്ലോഗുകളുടെ വർദ്ധിച്ച പ്രാധാന്യത്തെ എടുത്ത് കാണിക്കുന്നു.

**വിവിധയിനം ബ്ലോഗുകൾ**

മാധ്യമങ്ങൾ അനുസരിച്ച് ബ്ലോഗുകളെ വിഭജിക്കാറുണ്ട്. വീഡിയോ ബ്ലോഗുകൾ വോഗ് എന്നറിയപ്പെടുന്നു. ലിങ്കുകൾ നിറഞ്ഞ ബ്ലോഗുകൾ ലിങ്ക് ലോഗ് ആണ് ഫോട്ടോക്കുള്ള ബ്ലോഗുകളാകട്ടെ ഫോട്ടോബ്ലോഗും. എഴുതാനുപയോഗിക്കുന്ന ഉപകരണത്തിന്റെ അടിസ്ഥാനത്തിലാണ് മേബ്ലോഗ് എന്ന വിഭജനം. ഇത് മൊബൈൽ ഫോൺ ഉപയോഗിച്ച് എഴുതുന്ന ബ്ലോഗുകളാണ്. വിഷയത്തിനനുസരിച്ച് യാത്രാവിവരണ ബ്ലോഗ്, കവിതാ ബ്ലോഗ്, രാഷ്ട്രീയ ബ്ലോഗ് എന്നല്ലാമുള്ള വിഭജനങ്ങൾ ഉണ്ട്.

**ബ്ലോഗുകൾ മലയാളത്തിൽ**

മലയാളം യൂണ്ക്കോഡ് ഹോണ്ടുകളുടെ കടന്നുവരവോടെയാണ് മലയാളത്തിൽ ബ്ലോഗിംഗ് മേഖല സജീവമാകുന്നത്. ആസ്കി ഫോണ്ട് ഉപയോഗിക്കുന്ന കാലത്ത് എഴുതാൻ ഉപയോഗിച്ച ഫോണ്ട് ലഭ്യമെങ്കിൽ മാത്രമേ വായിക്കാൻ കഴിയുമായിരുന്നുള്ളൂ.2002 ഡിസംബറിൽ എം.കെ പോൾ തുടങ്ങിയ ജാലകം ആണ് ആദ്യ മലയാളം ബ്ലോഗ് എന്ന് വിക്കിപീഡിയ പറയുന്നു. പിന്നീട് ഇത് ചിന്തകോമിലേയ്ക്ക് മാറി. ഇന്ന് വ്യക്തികൾ ഉപയോഗിക്കുന്ന ഒട്ടനവധി ബ്ലോഗികൾ മലയാളത്തിൽ ഉള്ളത് കൂടാതെ സ്ഥാപനങ്ങളും സംഘടനകളും സൗഹൃദകൂട്ടായ്മകളും ബ്ലോഗിങ് മേഖലയിൽ ഉണ്ട്. കേരളത്തിലെ ഹൈസ്ക്കൂൾ ഗണിതശാസ്ത്ര അധ്യാപകരുടെ മാത്തമാറ്റിക്സ് ബ്ലോഗ് വളരെയധികം വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണ്.

**ബ്ലോഗെഴുത്ത് അച്ചടിക്കപ്പെടുമ്പോൾ**

ബ്ലോഗ് നല്കുന്ന വിശാലമായ സ്വാതന്ത്ര്യവും സാധ്യതകളും

നിലനിൽല്കുമ്പോഴും അച്ചടി മാധ്യമവുമായി ഇതിനെ താരതമ്യം ചെയ്യുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. വിശാലമനസ്കൻ എന്ന പേരിൽ ബ്ലോഗെഴുതുന്ന സജീവ് എടത്താടന്റെ 'കൊടകരപുരാണം' ആണ് അച്ചടിമഷി പുരണ്ട ബ്ലോഗെഴുത്തുകളിൽ പ്രധാനപ്പെട്ട ഒന്ന്. വർഷങ്ങൾക്ക് ശേഷം 'ദി സമ്പൂർണ്ണ കൊടകര പുരാണം' എന്ന രണ്ടാം ഭാഗവും ഇറങ്ങി.

മാതൃഭൂമി ആഴ്ചപ്പതിപ്പ് 'ബ്ലോഗന' എന്ന കവർസ്റ്റോറി ഒരു ലക്കം (2007 ഒക്ടോബർ 7) പുറത്തിറക്കുകഴും തുടർന്ന് 2008 മുതൽ ബ്ലോഗുകളിൽ നിന്ന് അവർ തെരെഞ്ഞടുക്കന്നവ പ്രസിദ്ധീകരിക്കുന്ന ഒരു പംക്തിയായി ബ്ലോഗന തുടരുകയും ചെയ്തു. വായനയുടെ മറ്റൊരു രൂപമായി ബ്ലോഗന എന്ന വാക്കിനെ കണ്ടെത്തിയ മാതൃഭൂമി ഈ അനുഭവത്തെ അച്ചടിയിലൂടെ ആവിഷ്കരിക്കുന്നതിന്റെ പരിമിതികളെ തിരിച്ചറിഞ്ഞോ എന്ന് സംശയമുണ്ട്. സൈബറിടം നല്കുന്ന സൗകര്യങ്ങളെ അച്ചടിയ്ക്ക് ഉൾക്കൊള്ളാൻ പരിമിതികൾ ഉണ്ടല്ലോ. എന്നാൽ, ഇവിടെ പ്രധാന വിഷയം അതല്ല. മറിച്ച് ഈ പംക്തിക്കായി നടത്തുന്ന തെരെഞ്ഞെടുപ്പ് തന്നെ ബൂലോകത്ത് ഒരു ചർച്ചയായിമാറി എന്നതാണ്. വിദൂഷകൻ(www.vidushakan.wordpress.com) എന്ന ബ്ലോഗിൽ വന്ന പോസ്റ്റ്– 'മാതൃഭൂമി ആഴ്ചപ്പതിപ്പ് ബ്ലോഗർമാർക്ക് മാർക്കിടുമ്പോൾ സംഭവിക്കുന്നത്...' എന്നായിരുന്നു. പതിവുകാഴ്ചകൾ (www.pathivu kazhchakal.blogspot.com) 'കുത്തകവത്കരണം ബ്ലോഗിലും' എന്ന ലേഖനം പ്രസിദ്ധീകരിച്ചു. ഗുരുകുലം (malayalam.usvishslakh.net) 'ബ്ലോഗ് ബ്ലോഗനയാകുമ്പോൾ' എന്ന പേരിൽ വിശകലനം ചെയ്തു. രണ്ട് വിഷയങ്ങളാണ് ഇതിലൂടെ ഉയർന്നു വരുന്നത്. ഒന്ന് അച്ചടി മാധ്യമം സൈബർ മാധ്യമം എന്നിവയുടെ പദവിയെ സംബന്ധിക്കുന്ന ആശങ്കകളാണ്. "ബ്ലോഗർമാർക്ക് നിലവാരം നിർണ്ണയിക്കാൻ ഇവരാരാണ്? സ്വന്തം ചിന്തകളും സ്വപ്നങ്ങളും ആവലാതികളും മറ്റും മറ്റും ആണ് ബ്ലോഗർമാർ പോസ്റ്റായി ഇടുന്നത്. അവയോട് പ്രതികരിച്ചുകൊണ്ട് മറ്റുള്ളവർ വരാറുണ്ട്. സന്തോഷവും ആശ്വാസവും ആത്മവിശ്വാസവും ഒക്കെ അവിടെ

നിലനിൽക്കുന്നു. പരസ്പര ബഹുമാനം ഏറെപ്പേരും കാത്തുസൂക്ഷിക്കുന്നു. വിവാദപരാമർശങ്ങൾക്ക് പോലും സമചിത്തതയോടെ പ്രതികരിക്കുന്നു. അതൊരു പ്രത്യേക ലോകമാണ്... വ്യവസ്ഥാപിത പ്രസിദ്ധീകരണങ്ങൾ മുന്നോട്ടു വയ്ക്കുന്ന 'നിലവാര' മാനദണ്ഡങ്ങളൊന്നും ബ്ലോഗിന് ബാധകമല്ല, അത് പലപ്പോഴും മനസ്സിൽ നിന്നുള്ള ഏറ്റവും തെളിമയാർന്ന കുത്തൊഴുക്കാണ്. അതിന് മാർക്കിടാൻ ആർക്കാണ് അവകാശം? ബ്ലോഗുകൾക്ക് നിലവാരം നിർണ്ണയിക്കാൻ മാതൃഭൂമി ആഴ്ചപ്പതിപ്പിന് ആര് അധികാരം നല്കി"
ഇതാണ് വിദൂഷകൻ പങ്കിടുന്ന ആശങ്ക. ഇവിടെ ഉയർന്നുവരുന്നത് നേരത്തെ സൂചിപ്പിച്ച പദവി മൂല്യങ്ങൾ സംബന്ധിക്കുന്ന ആശങ്കകളും ബ്ലോഗിന്റെ 'നിഷ്കളങ്ക' സ്വഭാവത്തെ കേന്ദ്രീകരിച്ചുള്ള ചിന്തകളുമാണെന്നു കാണാം. എന്നാൽ ഗുരുകുലം ഉയർത്തുന്ന പ്രശ്നം ഇത്തരത്തിലുള്ളതല്ല. അത് സൈബറിടം നല്കുന്ന സാങ്കേതികതയെ ഉപയോഗപ്പെടുത്തുന്ന രചന അച്ചടിയ്ക്കപ്പെടുന്നതിലൂടെ വികലമാക്കപ്പെടുന്നത് ചൂണ്ടിക്കാണിക്കുന്നു. ഗുരുകുലം ബ്ലോഗിൽ വന്ന 'പിതൃത്വം പിഴച്ച പ്രമാണങ്ങൾ' എന്ന ഗണിത ശാസ്ത്ര സംബന്ധിയായ ലേഖനം മാതൃഭൂമി ബ്ലോഗനയിൽ അച്ചടിച്ചത് മുൻനിർത്തി ഇക്കാര്യം വിശദീകരിക്കുന്നു. "ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കുന്ന കൃതികളുടെ ഏറ്റവും വലിയ ശക്തിയാണു ലിങ്കുകൾ. ഒരു പോസ്റ്റിൽ പരാമർശിക്കപ്പെടുന്ന ഒരു വിഷയത്തെപ്പറ്റി വായനക്കാരന് മറ്റൊരാളുടെ കൃതിയിലോ വിക്കിപീഡിയ പോലുള്ള വിജ്ഞാനകോശങ്ങളിലോ വായിക്കാം. അച്ചടി മാധ്യമങ്ങളിൽ ഇതു പലപ്പോഴും ഉദ്ധരണികൾ വഴിയാണ് നടത്തുക. ഉദ്ധരണി സാധ്യമല്ലാത്ത അവസരങ്ങളിൽ പുസ്തകത്തിന്റെ പേരോ ആഴ്ചപ്പതിപ്പിന്റെ ലക്കത്തിന്റെ നമ്പറോ കൊടുത്ത് വായനക്കാരനോട് അതു തപ്പിപ്പിടിച്ചു വാങ്ങി വായിക്കാൻ പറയും. എത്ര പേർക്ക് വായനയുടെ ഒഴുക്ക് നഷ്ടപ്പെടാതെ അതിന്റെ റഫറൻസുകൾ തപ്പിപ്പിടിച്ച് വായിക്കാൻ കഴിയും എന്ന് സംശയമാണ്. എങ്കിലും പറഞ്ഞത് മറ്റൊരിടത്തെകാര്യമാണ് എന്നു വ്യക്തമായി പറയുക വഴി അതിലേയ്ക്കെത്താൻ ഒരു മാർഗ്ഗരേഖകൊടുക്കേണ്ടത് അത്യാവശ്യമാണ്. ഇത് ലേഖനത്തിൽ മാതൃഭൂമി ചെയ്തിട്ടില്ല." ഇതുമൂലം

ലേഖനത്തിൽ ഉണ്ടായ പ്രശ്നങ്ങൾ ഇവിടെ അക്കമിട്ടി വിശദീകരിച്ചിട്ടുണ്ട്. "ആർക്കിമിഡീസിന്റെ കന്നാലിച്ചോദ്യം വിശകലനം ചെയ്താൽ..." എന്ന വരിയിൽ 'കന്നാലി ച്ചോദ്യം' എന്നത് ലിങ്കാണ്. ഇത് ചെന്നെത്തുന്നത് "Archimedes' cattle problem" എന്ന ലേഖനത്തിലേയ്ക്കാണ്. ഇത് നല്കാത്തത് മൂലം വായനക്കാരന് ലേഖനത്തിന്റെ ആശയം വ്യക്തമാകില്ല എന്നത് നിശ്ചയമാണല്ലോ. ഇത്തരത്തിൽ നിരവധി ലിങ്കുകൾ നല്കുന്നതിലൂടെയാണ് ഈ ലേഖനം അതിന്റെ സത്തയെ ഉൾക്കൊള്ളുന്നത്. ഈ ലിങ്കുകൾ പ്രവർത്തനക്ഷമമല്ലാതാകുമ്പോൾ സ്വഭാവികമായും ആ സത്ത നഷ്ടമാകുന്നു. അച്ചടിയുടെ ഈ പരിമിതിയാണ് ബ്ലോഗനയുടെ ന്യൂനൃതയായി ഈ ലേഖനം വിലയിരുത്തുന്നത്. ലേഖനത്തിന്റെ അവസാനഭാഗം നോക്കുക, "ബ്ലോഗ് സൃഷ്ടികളിൽ കാമ്പുള്ളവ ഉണ്ടെന്ന് മനസ്സിലാക്കിയ മാതൃഭൂമിയുടെ ശ്രമം അഭിനന്ദനാർഹമാണ്. ഒരു കാലത്ത് അച്ചടിമാധ്യമങ്ങളും ഇന്റർനെറ്റിലെ തന്നെ പല വല്ല്യേട്ടന്മാരും ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടുനടന്നിരുന്നത് ബ്ലോഗിലാകെ അശ്ലീലം പറയുന്ന ബാബുക്കുട്ടന്മാരും ആത്മരതിയിൽ അഭിരമിക്കുന്ന അലവലാതികളും മാത്രമാണ് എന്നായിരുന്നു. (ഇങ്ങനെ എഴുതിയ പലരും പന്നീട് ബ്ലോഗിൽ ത്തന്നെ ചേക്കേറി എന്നതു മറ്റൊരുകാര്യം.) ആ സ്ഥിതിയ്ക്ക് വ്യത്യാസം വന്നു തുടങ്ങി എന്നത് നല്ലകാര്യം." ഈ ഭാഗത്തിൽ അടിവരയിട്ട രണ്ട് വാക്കുകളും ലിങ്കുകളാണ്. ആദ്യത്തേത്, www.manoramaonline.com പേജിലേയ്ക്കും രണ്ടാമത്തേത് www.chinta.com പേജിലേയ്ക്കും ആണ് വായനക്കാരെ എത്തിക്കുന്നത്. ഈ വായന സാധ്യമായില്ല എങ്കിൽ മനസ്സിലാകുന്ന ആശയവും രണ്ടിടങ്ങളിലെയും ലേഖനങ്ങൾ വായിക്കുകയോ കണ്ട് മനസ്സിലാക്കുകയോ ചെയ്തശേഷം വായന തുടരുമ്പോൾ ലഭിക്കുന്ന ആശയവും ഏറെ വ്യത്യസ്തം ആണല്ലോ. ഇതാണ് അച്ചടിയുടെ വായനയും ബ്ലോഗിന്റെ ബ്ലോഗനയും തമ്മിലുള്ള വ്യത്യാസങ്ങളിൽ പ്രധാനം. പതിവുകാഴ്ചകൾ എന്ന ബ്ലോഗിൽ ഇതിന്റെ സാധ്യതകളെയും ചൂഷണ സാധ്യതകളെയും വിലയിരുത്തുകയാണ്. "കുത്തക വത്കരണം ബ്ലോഗിലും?" എന്ന പോസ്റ്റിൽ "പ്രഥമ ദൃഷ്ട്യാ മനോഹരം എന്ന്

തോന്നിയേക്കാവുന്ന ഈ ഔദാര്യം നമ്മെ ഏതെങ്കിലും വിപത്തിൽ കൊണ്ടെത്തിക്കുമോ എന്ന് നേരിയ ആശങ്ക തോന്നുകയാണ്.” എന്ന് ആമുഖമായി പറയുന്നു.“കഥകൾ, കവിതകൾ, ലേഖനങ്ങൾ തുടങ്ങി കൃത്യമായ ലേബലുകളോ ക്രാഫ്ടോ ഇല്ലാത്ത നമ്മുടെ ചിന്തകൾ പങ്കുവക്കാൻ ഒരിടമായിരുന്നു ബ്ലോഗ് ലോകം.” എന്നാൽ ഇത്തരത്തിൽ അച്ചടി മാധ്യമത്തിന്റെ കടന്നു വരവ് ബ്ലോഗിൽ മത്സരത്തിന്റേതായ ഒരു വേദി സൃഷ്ടിക്കില്ലേ എന്നാണ് ഈ ബ്ലോഗിലെ സംശയം. മാത്രമല്ല സ്വയം പര്യപ്തമായി നിൽക്കുന്ന ഈ രംഗത്തേക്ക് ഇത്തരം കടന്നുകയറ്റം ഒരു ചെറുശതമാനത്തെയെങ്കിലും ഉൾവലിയാൻ പ്രേരിപ്പിക്കും എന്ന് ഈ ബ്ലോഗർ കരുതുന്നു. തുടർന്ന് ബ്ലോഗിന്റെ സവിശേഷ സാധ്യതയായ കമന്റ്സിലൂടെ മികച്ച ഒരു ചർച്ചയും ഇവിടെ നടക്കുന്നുണ്ട്. ചർച്ചയിൽ കടന്നു വന്ന “കുത്തകവത്കരണം” എന്ന തലക്കെട്ടിലെ പ്രയോഗത്തെക്കുറിച്ച് വഹാബ് എഴുതുന്നു.”കുത്തകകൾ പലതരമുണ്ട്. ഇന്റർനെറ്റിൽ നമുക്ക് വിശാലമായ സ്വാതന്ത്ര്യം കിട്ടുന്നുണ്ട്. ഗൂഗിളിനെ വിമർശിച്ചുകൊണ്ട് നിങ്ങൾക്കൊരു ബ്ലോഗ് തയ്യാറാക്കാം. എന്നാൽ മാതൃഭൂമിയെ വിമർശിച്ചുകൊണ്ട് ഒരു ലേഖനം അതിൽ പ്രസിദ്ധപ്പെടുത്താൻ നിങ്ങൾക്കാവില്ല,” ഒരു ചെറിയ ലേഖനമാണ് ബ്ലോഗിൽ എഴുതിയിട്ടുള്ളത് എന്നാൽ ചർച്ച അതിലെ ഇടപെടൽ സാധ്യതകളും ബ്ലോഗിനെ അച്ചടി മാധ്യമത്തിൽ നിന്നും സവിശേഷമായ ഒരു സാധ്യത ഉള്ള മാധ്യമമായി എന്നും ഉയർത്തി നിർത്തും എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല.

ചിത്രകാരൻ എന്ന ബ്ലോഗിൽ (www.chitrakaran.blogspot.com) “മാതൃഭൂമി ഊതി വലുതാക്കുന്ന ബൂലോകം” എന്ന പോസ്റ്റിൽ മാതൃഭൂമിയുടെ ബ്ലോഗന എന്ന കവർസ്റ്റോറിയെ സൂക്ഷമമായി വിമർശിക്കുന്നു. “മാതൃഭൂമി വീക്കിലിയിൽ മുഖചിത്രം ചില ബ്ലോഗ്ഗേഴ്സ് ഉയർത്തിക്കാണിക്കുന്ന വെല്ലുവിളിയെ നീരസത്തോടെ പരിഹസിക്കുന്ന ഒന്നാണെന്ന് ശ്രദ്ധിച്ചു നോക്കിയാൽ മനസ്സിലാകും. സ്വന്തം ആസനത്തിൽ നിന്നും കിളിർത്തു വന്ന ചെമ്പരത്തി തറയിൽ പച്ചനിറമായി ഒഴുകിപ്പടർന്ന് ആ പച്ചയിൽ നിന്നും പൂവും

ഇലയുമായി ഉയർത്തെണീറ്റ് തന്റെ സൃഷ്ടാവായ ബ്ലോഗറുടെ നാസ്വാരന്ധ്രങ്ങൾക്ക് സുഗന്ധാനുഭൂതി നല്കുന്ന വിരേചനകൃത്യം മാത്രമാണ് ബ്ലോഗെന്ന് ധ്വനിപ്പിക്കുന്ന കഴിവുറ്റ ആ ചിത്രകാരൻ... തന്റെ മനസ്സിലെ പരിഹാസവിഷം ഭാവനയിൽ ചേർത്ത് പ്രിന്റ് മീഡിയയോട് കൂറു പ്രഖ്യാപിക്കുന്നത് ചിത്രകാരന്റെ മാത്രം തോന്നലാകട്ടെ എന്ന് ആശിക്കട്ടെ!!!ഹഹഹഹ...” ഇത്തരത്തിൽ രൂക്ഷമായ വിമർശനത്തെ ഹാസ്യത്തിന്റെ ധ്വനിയിലൂടെ നേരിട്ട് അവതരിപ്പിക്കാനുള്ള സാധ്യത ബ്ലോഗിന്റെ സ്വതന്ത്രലോകം എഴുത്തുകാരന് നല്കുന്നു എന്നത് വളരെയധികം പ്രധാന്യമുള്ള കാര്യമാണ്.

# അധ്യായം മൂന്ന്
# സൈബർ യാത്രാവിവരണം

ആധുനികവ്യക്തിബോധത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് നിലവിൽ വന്ന സാഹിത്യപ്രസ്ഥാനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് യാത്രാവിവരണം. എന്നാൽ വ്യത്യസ്ത കാലങ്ങളിൽ വ്യക്തിയുടെ കാഴ്ചയെ നിയന്ത്രിച്ചത് ഭിന്നഘടകങ്ങൾ ആയിരുന്നു. കാഴ്ചയിൽ പതിഞ്ഞവയുടെ വർണ്ണപ്പൊലിമ നിറഞ്ഞ വിവരണങ്ങളിൽ നിന്നും അനുഭൂതിയുടെ ആവിഷ്കാരമായി മലയാളസാഹിത്യം വളർന്നത് എസ്.കെ. പൊറ്റക്കാടിന്റെ രചനകളോടെയാണ്. (ബിദൂർ കെ., വിജ്ഞാനകൈരളി, ആഗസ്റ്റ് 2009:76). കേവലകാഴ്ചയിൽ നിന്ന് മാറി ഒരു സമൂഹം തന്നെ ഈ ഘട്ടത്തിലെ രചനകളിലൂടെ വായനക്കാർക്ക് മുമ്പിലെത്തിയിരുന്നു. പിന്നീട് സാങ്കേതികവിദ്യയുടെ വളർച്ചയിൽ ദൃശ്യ യാത്രാവിവരണം, മലയാളത്തിൽ തന്നെ നിരവധിയായി. സന്തോഷ് ജോർജ്ജ് കുളങ്ങരയുടെ സഞ്ചാരം ടെലിവിഷനിലൂടെയും സി.ഡി. രൂപത്തിലും മലയാളികൾക്ക് പലലോകക്കാഴ്ചകളും പകർന്നു നല്കി. പൊറ്റെക്കാടിന്റെയും മറ്റും സാഹിത്യസ്പർശമുള്ള രചനകളിൽ വായിച്ചു പരിചയിച്ചതിൽ നിന്ന് ഭിന്നമായിരുന്നു ഈ ദൃശ്യഭാഷയുടെ രീതി. വിവരങ്ങളും (information) വിവരണങ്ങളും ആണ് ഇവിടെ പ്രധാനം. അത് വിട്ടുള്ള ഒരു തലം ഇവിടെ ഇല്ലാതാകുന്നു. ഈ ഘട്ടത്തിൽ വിനോദസഞ്ചാരം ടൂറിസമെന്ന നിലയിൽ ഒരു വ്യവസായമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇവിടെ എഴുത്തുകാരന്റെ അനുഭവങ്ങളും കാഴ്ചകളും എന്നതു പോലെ തന്നെ ഇനി വരുന്ന യാത്രികർക്കുള്ള അറിയിപ്പുകൾ കൂടിയായി വിവരണങ്ങൾ മാറിത്തുടങ്ങുന്നു. കൂടാതെ, കാഴ്ചകളുടെ ഉത്സവാത്മകതയിൽ സെലിബ്രിറ്റികളിൽ തന്നെയാണ് വിനോദസഞ്ചാരമേഖല ഊന്നൽ നല്കുന്നത്. സൂക്ഷ്മതകളിലേക്കും സെലിബ്രിറ്റികളിലേക്കും ഒരേ സമയം ശ്രദ്ധിക്കാൻ ഡിജിറ്റൽ സഞ്ചാരങ്ങൾക്ക് കഴിയുന്നുണ്ട്. (ബിദൂർ കെ. 2009:88). ഇവിടെ എഴുത്തിന്റെ ഘടനയിൽ നിന്ന്

മാറി ശബ്ദവിവരണത്തിന്റെയും ദൃശ്യഭാഷയുടെയും സാധ്യതകൾ നിറഞ്ഞ ആവിഷ്കാര മാധ്യമം യാത്രാവിവരണത്തിൽ ഇടപെടുന്നതു കാണാം. ഒരർത്ഥത്തിൽ മാധ്യമം പ്രസ്ഥാനത്തെ പുനർ നിർവചിക്കുന്നു. ഈ ഘട്ടത്തിൽ തന്നെ യാത്രാവിവരണ സാഹിത്യത്തിൽ കടന്നു വന്ന മറ്റൊരു രീതി രേഖാ ചിത്രങ്ങളിലൂടെയുള്ള വിവരണങ്ങളാണ്. സാധാരണക്കാരായ മനുഷ്യരുടെ രേഖകൾ വരക്കുന്നതിലൂടെ കേരളത്തിലെ മുഖ്യധാരാ ചിത്രചരിത്രങ്ങളിൽ കടന്നു വരാത്ത ജനതയെ എന്റെ കേരളം എന്ന ഭാഷാപോഷിണിയിലെ പരമ്പരയിലൂടെ ഭാസ്കരൻ പരിചയപ്പെടുത്തുന്നു. വരകളാണ് ഇവിടെ മാധ്യമം. ഇതിന്റെ സവിശേഷതകളിലൂടെ ഗ്രാമത്തെയും ജനതയെയും അടയാളപ്പെടുത്തുന്നു ഭാസ്കരൻ. വാക്കുകളിലൂടെ വിവരിക്കാൻ അസാധ്യമായ ദൈന്യമുഖങ്ങൾ പലതും ഈ വരകളിലൂടെ അദ്ദേഹം പരിചയപ്പെടുത്തുന്നു. അങ്ങനെ വ്യക്തിചിത്രങ്ങളിലൂടെയുള്ള കേരളയാത്രയായി മാറി ഇത്. ഇത്തരം രീതികളെല്ലാം പിന്നിട്ട യാത്രാവിവരണ ശാഖ ഇന്ന് പ്രബലമാകുന്നത് സൈബർ സാഹിത്യത്തിൽ തന്നെയാണെന്ന് പറയാം. യാത്രാവിവരണ ബ്ലോഗുകളിൽ പ്രസിദ്ധീകരിച്ച പോസ്റ്റുകൾ ചേർത്ത് മലയാളത്തിൽ യാത്രകൾ എന്ന പേരിൽ ഒരു വെബ്സൈറ്റ് ് (www.yathrakal.com) തന്നെ ഇന്ന് ഉണ്ട്. ഒരു വർഷം പിന്നിട്ട ഈ സംരംഭം ഇന്ന് അറിയപ്പെടുന്നതും അല്ലാത്തതുമായ ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള സ്ഥലങ്ങളെക്കുറിച്ചുള്ള വിവരങ്ങളുടെ വലിയൊരു ശേഖ രമായിരിക്കുന്നു.

ലോകക്രമത്തിൽ അച്ചടി കൊണ്ടു വന്ന മാറ്റത്തെക്കാൾ വലിയ മാറ്റങ്ങ ളാണ് ഇന്റർനെറ്റ് മാധ്യമങ്ങൾ ഇന്ന് കൊണ്ടു വന്നു കൊണ്ടിരിക്കുന്നത്. ഗുട്ടൻബർഗ് ഗാലക്സി അറിവിന്റെ ജനാധിപത്യവത്കരണം സാധ്യമാക്കുക യായിരുന്നുവെങ്കിൽ ഇവിടെ വിവരവിസ്ഫോടനമാണ് നടക്കുന്നതെന്ന് പറയാം. അതോടൊപ്പം വിവരം (information) കയ്യടക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ നിലകളിലുള്ള നിയമങ്ങൾ, നിയന്ത്രണങ്ങൾ എല്ലാം ഇവിടെ കടന്നു വരുന്നു. സൈബർ സ്പെയ്സ് നല്കുന്ന വ്യത്യസ്ത സാങ്കേതിക സാധ്യതകളെ ഏറ്റവും

പ്രയോജനപ്പെടുത്തുന്ന ഒരു വിഭാഗമാണ് യാത്രാവിവരണബ്ലോഗുകൾ. മൾട്ടി മീഡിയ, ഹൈപ്പർ ടെക്സ്റ്റ് എന്നിവയുടെ സാധ്യതകളെ ഏറെ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഇവ രൂപപ്പെട്ടിരിക്കുന്നത്. സ്ഥലത്തെയും കാല ത്തെയും സംബന്ധിക്കുന്ന പുതിയ ഭാവുകത്വം ഇവിടെ സ്വാഭാവികമായും പ്രധാ നമാകുന്നു. അങ്ങനെ സവിശേഷമായ ഒരു ഭാഷാക്രമവും ആഖ്യാനരീതിയും രൂപപ്പെടുന്നു.

**മൾട്ടി മീഡിയ**

മൾട്ടി മീഡിയ സാധ്യതകൾ മലയാളത്തിലെ എല്ലാ യാത്രാവിവരണബ്ലോഗുകളും പ്രയോജനപ്പെടുത്തുന്നുണ്ട്. ചിത്രങ്ങൾ ചേർക്കാതെ ഈ വിഭാഗത്തിൽ ബ്ലോഗുകൾ ഇല്ലെന്നു തന്നെ പറയാം. മൊബൈൽ ക്യാമറയുടെയും ഡിജിറ്റൽ ക്യാമറയുടെയും സാധാരണ ചിത്രങ്ങൾ മുതൽ എസ്.എൽ.ആർ. ക്യാമറകളിലെ മികച്ച നിലവാരമുള്ള ചിത്രങ്ങൾ വരെ ഇത്തരത്തിൽ ബ്ലോഗർമാർ ഉപയോഗപ്പെടുത്തുന്നു. ചിത്രങ്ങൾ മാത്രമല്ല വീഡിയോ, ഗ്രാഫുകൾ, റൂട്ട് മാപ്പുകൾ, ഓഡിയോ തുടങ്ങി വ്യത്യസ്ത മാധ്യമ സാധ്യതകളെ ഇവിടെ ഉപയോഗപ്പെടുത്തുന്നു. മലയാളത്തിൽ ബ്ലോഗിൽ യാത്രാവിവരണ മെഴുതുന്നവരിൽ മുൻപന്തിയിൽ നിൽക്കുന്ന ആളാണ് നിരക്ഷരൻ എന്ന പേരിൽ അറിയപ്പെടുന്ന മനോജ് രവീന്ദ്രൻ. ( 2008 ആഗസ്റ്റിൽ 6-)മത് വേൾഡ് മലയാളി കൗൺസിൽ, സിംഗപ്പൂർ നടത്തിയ യാത്രാവിവരണ ബ്ലോഗ് മത്സരത്തിൽ ഒന്നാം സ്ഥാനം ഇദ്ദേഹത്തിന്റെ ബ്ലോഗിനായിരുന്നു.) അദ്ദേഹത്തിന്റെ ചില യാത്രകൾ (www.chilayathrakal.blogspot.com) എന്ന ബ്ലോഗിൽ പ്രസിദ്ധീകരിച്ച *മാളിയേക്കലും മറിയുമ്മയും* എന്ന പോസ്റ്റ് നോക്കാം. ഇതിൽ നിരവധി സിനിമകളിൽ കണ്ടിട്ടുള്ള മാളിയേക്കൽ എന്ന വീടും അതിന്റെ സമീപത്തു താമസിക്കുന്ന മറിയുമ്മയെയും കണ്ടതിന്റെ വിവരണമാണ് ഉള്ളത്. നിരക്ഷരൻ എഴുതുന്നു, "പക്ഷേ നിസ്സാറിക്കയെ കാണാൻ പോകുന്നതിന്റെ പിന്നിലുള്ള ഉദ്ദേശം, അദ്ദേഹത്തിന്റെ കുടുംബവീടായ മാളിയേക്കൽ തറവാട് ഒന്ന്

കയറിക്കാണാം എന്നുള്ളതാണ്. നിസ്സാറിക്കയുടെ തറവാട്ടിൽ പോയിട്ടുള്ള മറ്റ് സഹപ്രവർത്തകർ പലപ്പോഴായി പറഞ്ഞുകേട്ടിട്ടുള്ള മാളിയേക്കൽ തറവാട്, പഴയ വീടുകളിലും പഴയ ആക്രി സാധനങ്ങളിലും കമ്പമുള്ള എന്റെയുള്ളിൽ ഒരു മോഹമായി കുടിയേറിയിട്ട് നാളൊരുപാടായിരിക്കുന്നു." ഇവിടെ അടിവരയിട്ട വാക്ക് ഒരു ലിങ്കാണ്. അതിൽ ക്ലിക്ക് ചെയ്താൽ http:// chilachitrangal.blogspot.com/2010/01/blog-post_02.html എന്ന പേജിലാണ് എത്തുക. അവിടെ സിനിമകളിൽ ധാരാളമായി കണ്ടിട്ടുള്ള തറാവാടിന്റെ ചിത്രവും വിവരണവും ഉണ്ട്. മാളിയേക്കൽ തറവാടിന്റെ പ്രൗഢിയും അവിടുത്തെ കോവണി, ജനാലകൾ, കൊത്തുപണി ചെയ്ത ഫർണീച്ചറുകൾ തുടങ്ങി എല്ലാത്തിനെയും കുറിച്ച് വാക്കുകളിൽ വിവരിക്കുന്നതിനെക്കാൾ ചിത്രങ്ങളിലൂടെ കാണിച്ച് തരുന്നു. മലബാറിലും മറ്റും മുസ്ലീം സ്ത്രീകൾ പ്രാഥമിക വിദ്യാഭ്യാസം പോലും നേടാത്ത കാലത്ത് ഫിഫ്ത്ത് ഫോം വരെ പഠിച്ച ആദ്യസ്ത്രീയാണ് മറിയുമ്മ. ഇന്നും നന്നായി ഇംഗ്ലീഷ് സംസാരിക്കുകയും വായിക്കുകയും ചെയ്യുന്നു അവർ. സാമൂഹ്യപ്രവർത്തനരംഗത്തും കലാരംഗത്തും അവരുടെയും കുടുംബത്തിന്റെയും സംഭാവനകൾ ലളിതമായ ഭാഷയിൽ മനോജ് വിവരിച്ചിരിക്കുന്നു. ആകാശവാണിയുടെ തുടക്കത്തിൽ റേഡിയോയെ ഒരു മോശം കാര്യമായി കണ്ടിരുന്ന കാലത്ത് മറിയുമ്മയുടെ വീട്ടിൽ വച്ച് ആകാശവാണിക്കായി റെക്കോർഡ് ചെയ്ത മാപ്പിളപ്പാട്ട് പാടിക്കേൾക്കുന്നുണ്ട് മനോജ്. അതിലെ വരികൾ വിവരണത്തിൽ എഴുതി ചേർത്തിട്ടുണ്ട്. കൂടാതെ, ഒരു ബട്ടൻ അമർത്തിയാൽ നമുക്ക് ആ പാട്ട് പാടിയത് കേൾക്കുകയും ചെയ്യാം. വരികൾ ഇങ്ങനെയാണ്,

"കേട്ടു ഞാൻ ഇന്നെന്റെ
ഖൽബിൽ കുളിർക്കുന്ന
മട്ടിലെന്റുമ്മാച്ചൂ

പരിശുദ്ധ ഖുറാനിലുള്ളോരു
സൂറത്തിന്റോത്താദ്
ഓത്താണെന്റുമ്മാച്ചൂ

നേരം വെളുത്തപ്പം
ഞാനെന്റെ റേഡിയോ
മെ?െ?ത്തുറന്നാണേ

അന്നേരത്തെ നെഞ്ചിൽ
കുളിരിൽ രാഗത്തിൽ ഓതുന്ന
ഓത്തു ഞാൻ കേട്ടാണേ

രാഗവും താളവുമെൻ
ഓത്തിന്റെയുള്ളിലെ
സംഗീതം വേറാണേ

എന്റുമ്മാച്ചൂ
ചായിപ്പിന്റുള്ളില്
കാണുന്ന റേഡിയോ
ശെയ്ത്താന്റെ വീടല്ല."

മറിയുമ്മയുടെ വീട് കാണാൻ പോയതിലൂടെ ആകാശവാണിയുടെ ആദ്യകാലത്തിൽ റെക്കോർഡ് ചെയ്ത മാപ്പിളപ്പാട്ട് വായനക്കാർക്ക് അതിന്റെ എല്ലാ തലങ്ങളിലും അറിയാനുള്ള അവസരം ഈ സൈബർ ഇടം നല്കുന്നതാണ്. ഇതാണ് മൾട്ടി മീഡിയ എന്ന നിലയിൽ ഈ മാധ്യമം നല്കുന്ന സാധ്യത. ഇവിടെ പറഞ്ഞതിനു സമാനമായി മൊബൈലിലും മറ്റും റെക്കോഡ് ചെയ്യുന്ന ശബ്ദങ്ങളെ യാത്രാവിവരണത്തിൽ ഉൾപ്പെടുത്തുക വഴി പുതിയൊരു തലം ഈ ശാഖയിലൂടെ കടന്നെത്തുന്നു. ചിത്രങ്ങളിലൂടെയും വീഡിയോയിലൂടെയും കാണുന്ന കാഴ്ചകളെ അതേപടി വായനക്കാർക്ക് പകർന്നു നല്കാൻ ഈ മാധ്യമത്തിൻ കഴിയുന്നു. *ഞാൻ കണ്ട കാഴ്ചകൾ*

എന്ന ബ്ലോഗിൽ (www.sajikoratty.blogspot.com) സജി തോമസ് സ്പെയ്നിലെ കാളപ്പോരിനെക്കുറിച്ച് *കാളപ്പോരും പ്രതിഷേധവും* എന്ന പോസ്റ്റിൽ എഴുതുന്നുണ്ട്. വാക്കുകളിലൂടെ കാളപ്പോരിന്റെ വിവിധ രീതികളെക്കുറിച്ചും കാണാനിരിക്കുന്ന പോരിനെക്കുറിച്ചുമെല്ലാം അദ്ദേഹം വിവരിക്കുമ്പോഴും ഒടുവിൽ ചേർത്തിരിക്കുന്ന ഒരു വീഡിയോ ആണ് അതിന്റെ ക്രൂരതയെ പൂർണ്ണമായി വായനക്കാരിലെത്തിച്ചത് എന്ന് കമന്റുകളിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ പലപ്പോഴും ഈ രീതി ഉപരിപ്ലവമായ ചില കാഴ്ചകളിലേയ്ക്ക് വിവരണങ്ങൾ ഒതുങ്ങിപ്പോകുന്നതിന് ഇടയാക്കുന്നതിനും മലയാളം ബ്ലോഗുകളിൽ ധാരാളം ഉദാഹരണങ്ങൾ കാണാം. സാഹിത്യഭാഷയിൽ വാക്കുകളിലൂടെ ചിത്രങ്ങളിലൂടെന്നവണ്ണം വായനക്കാരെ പുതിയലോകങ്ങൾ കാണിച്ചു കൊടുക്കുകയാണ് അച്ചടിച്ച യാത്രാവിവരണങ്ങൾ ചെയ്തിരുന്നത്. ഇന്ന് മാറിയ ലോകസാഹചര്യങ്ങളും പുതിയ സൗകര്യങ്ങളും അതിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുമ്പോൾ അത് ഭാഷയിലും ആഖ്യാനശൈലിയിലുമെല്ലാം പുതിയ പ്രവണതകൾക്ക് വഴിയൊരുക്കുന്നു.

### ഹൈപ്പർ ടെക്സ്റ്റ്

ഹൈപ്പർ ടെക്സ്റ്റ് എന്ന സംവിധാനം ഈ മാധ്യമം നല്കുന്ന മറ്റൊരു പ്രധാന സൗകര്യമാണ്. ഒരു കാര്യം എഴുതുമ്പോൾ അതിൽ പറഞ്ഞിട്ടുള്ള വാക്കുകളെ, ചേർക്കുന്ന ചിത്രങ്ങളെ, ചിഹ്നങ്ങളെ എല്ലാം ലിങ്കുകളാക്കി മാറ്റി അതിലൂടെ അതിനെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന പേജുകളിലേയ്ക്ക് നയിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. നേരത്തെ സൂചിപ്പിച്ച പോസ്റ്റിൽ മറിയുമ്മയെക്കുറിച്ച് ആദ്യം പറയുന്നിടത്ത് ആ പേര് ഒരു ലിങ്കാണ്. അതിലൂടെ മറിയുമ്മയുമായി അഭിമുഖം നടത്തിയ അനുഭവത്തെക്കുറിച്ച് എഴുതിയ മറ്റൊരു ബ്ലോഗിലെ പോസ്റ്റിലേയ്ക്ക് എത്താം. കുടജാദ്രിയെക്കുറിച്ച് എഴുതിയിട്ടുള്ള ഒരു വിവരണത്തിൽ (www.puramkazhchakal.blogspot.com) ക്ഷേത്രത്തിന് മുൻപിലുള്ള തൂണിനെപ്പറ്റി പറയുമ്പോൾ ഉള്ള ലിങ്ക് നമ്മെ എത്തിക്കുന്നത്

ഈ തൂണിന് ഇന്ത്യൻ ലോഹപാരമ്പര്യത്തിലുള്ള പ്രാധാന്യത്തെക്കുറിച്ച് ഉണ്ടായിട്ടുള്ള ഒരു പ്രബന്ധത്തിലേയ്ക്കാണ്. വിവരണവുമായി നേരിട്ട് ബന്ധമില്ലാത്തതും എന്നാൽ കൂടുതൽ വിവരങ്ങൾ അറിയാൻ താത്പര്യമുള്ള വായനക്കാരൻ അറിയേണ്ടതുമായ കാര്യങ്ങൾ ഇങ്ങനെ ഉൾക്കൊള്ളിക്കുവാൻ മറ്റ് മാധ്യമങ്ങളിലൂടെ സാധ്യമല്ല. ഇത്തരം ലിങ്കുകളിലൂടെ അനുബന്ധരേഖ കൾ വായിക്കാനുള്ള സാധ്യതകളെ യാത്രാവിവരണ ബ്ലോഗുകൾ ധാരാളമായി ഉപയോഗപ്പെടുത്തുന്നു. (ഇത്തരം ഹൈപർ ടെക്സ്റ്റ് ഉപയോഗരീതി ഇന്ന് അച്ചടി മാധ്യമങ്ങളുടെ ഘടനയിലും ചില മാറ്റങ്ങൾക്ക് പ്രേരകമായിട്ടുണ്ട്. ആഴ്ചപ്പതി പ്പുകളിലെ ലേഖനങ്ങളിൽ കുറിപ്പുകൾ ഇന്ന് ലേഖനത്തിന്റെ അതേ ലേഔ ട്ടിൽ ലേഖനത്തിൽ പറയുന്നതിനടുത്തായി തന്നെ നല്കുന്ന രീതി കാണാം. ഇത് കുറിപ്പുകളും എളുപ്പത്തിൽ ലേഖനത്തോടൊപ്പം വായിക്കുന്നതിനെ ലക്ഷ്യം വയ്ക്കുന്നു. വളരെ മുൻപ് ലേഖനത്തിനൊടുവിലും പിന്നെ പേജിനടിയിലും ആയിരുന്ന കുറിപ്പുകളുടെ സ്ഥാനം ഇത്തരത്തിൽ മാറിയതിനു പിന്നിലെ പ്രധാന കാരണം ഇ-വായനയുടെ സ്വാധീനം തന്നെയാണ്.) ഇവിടെയും ബ്ലോഗുകൾ പലപ്പോഴും വിവരങ്ങളുടെ ഒരു തലത്തിലേയ്ക്ക് ചുരുങ്ങുന്നതായി കാണാം. വ്യാഖ്യാനമോ വിശകലനമോ അല്ലാതെ വിവരങ്ങൾ മാത്രമായി കാഴ്ചകൾ പലപ്പോഴും ഈ മാധ്യമത്തിൽ മാറുന്നതു കാണാം. അത് ഇത്തരം സൗകര്യങ്ങൾ ഉള്ളതു കൊണ്ടാണ് എന്ന് ഇവിടെ അർത്ഥമാക്കുന്നില്ല. മറിയുമ്മയെക്കുറിച്ചുള്ള പോസ്റ്റിൽ നിരക്ഷരൻ എഴുതുന്ന ഒരു ഭാഗം നോക്കുക, "അൽപ്പം വൈകിയാ ണെങ്കിലും ബ്രേക്ക് ഫാസ്റ്റിനായി കോട്ടയ്ക്കലിന് മുൻപുള്ള സാമാന്യം വൃത്തി യുള്ള ഒരു റസ്റ്റോറന്റിന് മുന്നിൽ നിർത്തിയപ്പോൾ ഞാനത് ശ്രദ്ധിച്ചു. നേവിഗേ റ്ററിൽ ആ ഹോട്ടലിന്റെ പേരെഴുതി കാണിക്കുന്നുണ്ട്. കൊള്ളാവുന്ന ഹോട്ടലു കളെയെന്നപോലെ ടൂറിസ്റ്റ് പ്ലേസുകളേയുമൊക്കെ P.O.A. (Places of Interest) എന്ന വിഭാഗത്തിലുൾപ്പെടുത്തി നേവിഗേറ്ററിന്റെ ഡാറ്റാബേസിൽ ചേർത്തിട്ടുണ്ട് 'മാപ്പ് മൈ ഇന്ത്യ'. 620 ൽപ്പരം നഗരങ്ങളെയാണ് നേവിഗേറ്റർ മാപ്പ് ചെയ്യുന്ന ത്. 6 മാസത്തിലൊരിക്കൽ കൂടുതലായി ഈ ലിസ്റ്റിലേയ്ക്ക് ചേർക്കപ്പെടുന്ന നഗരങ്ങൾക്കായി 'മാപ്പ് മൈ ഇന്ത്യ'യെ ഇന്റർനെറ്റിലൂടെ അപ്പ്ഡേറ്റ് ചെയ്താൽ

മാത്രം മതി. അതല്ലാതെ മറ്റ് വാർഷിക വരിസംഖ്യയോ ചാർജ്ജുകളോ ഒന്നുമില്ല." ഇങ്ങനെയുള്ള 'വിവരങ്ങൾ' യാത്രാവിവരണങ്ങളിൽ കടന്നുവരുന്നത് നിശ്ചയമായും മാറിവരുന്ന ലോകബോധത്തിന്റെ ഭാഗമായാണ്. ശകലിതമായ ഇത്തരം അറിവുകൾക്ക് ഇന്ന് കൈവന്നിട്ടുള്ള പ്രാധാന്യം ഇതുമായി ചേർത്ത് വായിക്കേണ്ടതുണ്ട്. (വിശകലനത്തിലേയ്ക്ക് കടക്കേണ്ടതില്ലാത്ത ഇത്തരം വിവരങ്ങൾ അറിവായി കണക്കാക്കുന്ന ചാനലുകളിലെ മത്സരപരിപാടികൾ ഓർക്കുക.) ബ്ലോഗ് അടക്കമുള്ള സൈബർ മാധ്യമങ്ങളിൽ  ഉപരിപ്ലവകാഴ്ചകൾക്ക് വളരെ പ്രാധാന്യം ലഭിക്കുന്നുണ്ട് എന്ന് കാണാം. ഗൗരവമേറിയ ചർച്ചകൾ നടക്കുന്ന ഇടമായിരിക്കുമ്പോഴും ഫേസ്ബുക്ക് പോലുള്ള സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകളെക്കുറിച്ച് അടുത്തകാലത്ത് വന്ന പല അഭിപ്രായങ്ങളുടെയും അടിസ്ഥാനം ഈ സ്വഭാവമാണ്. യാത്രാവിവരണങ്ങളെ സംബന്ധിച്ച്, ശകലിതമായ അറിവുകൾ പങ്കുവയ്ക്കപ്പെടുമ്പോഴും മാധ്യമപരമായ സവിശേഷതകൾ കൊണ്ട് അത് വളരയധികം പ്രാധാന്യമുള്ളതാകുന്നുവെന്ന് പറയാം.

### ചർച്ചകൾക്കും പുതുക്കലുകൾക്കുമുള്ള സാധ്യത

ബ്ലോഗ് മറ്റ് മാധ്യമങ്ങളിൽ നിന്ന് വ്യത്യസ്തമാകുന്നതിൽ പ്രധാനമായ ഒരു കാരണം ചർച്ചകൾക്കുള്ള സാധ്യതയാണ്. സ്ഥലത്തിന്റെയും സമയത്തിന്റെയുമെല്ലാം പരിധി മറികടക്കുന്ന ഈ മാധ്യമത്തിന്റെ സ്വഭാവവും ഇവിടെ പ്രധാനമാണ്. "ലോകപ്രശസ്ത ഫോട്ടോജേർണലിസ്റ്റായ Ami Vitale ഭൂതകാലക്കുളിർ എന്ന ബ്ലോഗിൽ പ്രസിദ്ധീകരിച്ച ഒരു ഫോട്ടോയ്ക്ക് കമന്റെഴുതാൻ വരുന്നതിന്റെ സാർവജനീനത ബ്ലോഗുകൾക്കു പൊതുവായിട്ടുള്ളതാണ്." (സുനീത ടി.വി.(എഡി.) 2009 : 94). മറിയുമ്മയെക്കുറിച്ചുള്ള പോസ്റ്റിന് ഈ 2012 സെപ്തംബർ 10 വരെ അറുപത്തിരണ്ട് കമന്റുകളാണ് വന്നിട്ടുള്ളത്. ഒരു കമന്റിൽ പറയുന്നു, "ചരിത്രം, ചിത്രം, ശബ്ദം ഇവ മൂന്നും കൂടിയുള്ള യാത്രാവിവരണങ്ങൾ അപൂർവ്വമാണ്. നർമ്മവും ലളിതമായ ശൈലിയും കൂടിയാകുമ്പോൾ നീരു എന്ന നിരക്ഷരൻ വായനക്കാരെ കുറച്ച് നേരത്തേയ്ക്ക്

യാത്രാവിവരണമേഖല ഇഷ്ടപ്പെടുന്നവരാക്കി മാറ്റുന്നു." ഈ കമന്റ് എഴുതിയ വ്യക്തി ഉദ്ദേശിച്ചു കാണില്ലെങ്കിലും വായനക്കാരെ കുറച്ചു നേരത്തേയ്ക്ക് ഇഷ്ടപ്പെടുന്നവരാക്കി മാറ്റാനേ ഈ എഴുത്തിന് കഴിയൂ എന്നത് ഒരു വിമർശനമാണ്. മറ്റ് കമന്റുകളിൽ ഈ വീട്ടിൽ പോയിട്ടുള്ളവരും ഇതേക്കുറിച്ച് അറിവുള്ളവരുമായ നിരവധി പേർ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങനെ മറ്റ് പലരുടേതായ അഭിപ്രായങ്ങളും അതിന് എഴുത്തുകാരൻ നല്കുന്ന മറുപടിയും എല്ലാമാകുമ്പോൾ യാത്രാവിവരണം പുതിയ തലങ്ങളിലേയ്ക്ക് പലപ്പോഴും പോകാറുണ്ടെന്ന് കാണാം. ഈ ചർച്ചയിൽ മറിയുമ്മയെക്കുറിച്ച് ചാനലിൽ വന്ന റിപ്പോർട്ടിന്റെ ലിങ്ക്, ഇതേ സ്ഥലം സന്ദർശിച്ച മറ്റൊരു ബ്ലോഗറുടെ വിവരണത്തിന്റെ ലിങ്ക് എന്നിവയെല്ലാം കമന്റുകളിൽ കൂട്ടിച്ചേർക്കപ്പെട്ട വിവരങ്ങളാണ്. ഇതിനടുത്തുള്ള മറ്റ് ചില സ്ഥലങ്ങൾ സന്ദർശിക്കാനുള്ള ക്ഷണങ്ങളും അവിടുത്തെ പ്രത്യേകതകളും മറ്റും ഈ ചർച്ചയിൽ കടന്നു വരുന്നുണ്ട്. ഇതിലെ ആദ്യ കമന്റ് വന്നത് 2010 ഫെബ്രുവരി 15ന് ആണെങ്കിൽ അവസാന കമന്റ് വന്നിരിക്കുന്ന തീയതി 2012 സെപ്തംബർ 07 ആണ്. 2011ൽ ഒറ്റ കമന്റും ഉണ്ടായിരുന്നില്ല. വളരെക്കാലം മറഞ്ഞ് കിട ക്കുന്ന പോസ്റ്റുകളും കാലങ്ങൾക്ക് ശേഷം ചർച്ചകൾക്കുള്ള ഇടമൊരുക്കാം. കാലത്തെ സംബന്ധിച്ച് അച്ചടിമാധ്യമസാധ്യതകളിൽ നിന്ന് ഇത് വ്യത്യസ്ത മാണല്ലോ. യാത്രാവിവരണങ്ങളിൽ ഇത് പ്രസക്തമാകുന്നത് മറ്റ് യാത്രകളും അനുഭവങ്ങളും ഇടപെടലുകളിലൂടെ എത്തുന്നതിലൂടെയാണ്. അങ്ങനെ എഴു ത്തുകാരനെപ്പോലെ തന്നെ ഇവിടെ വായനക്കാരും വിഷയത്തിലിടപെടുന്നു. റഫീഖ് നടുവട്ടം *കടലാസും പെൻസിലും* എന്ന ബ്ലോഗിൽ (www.ezhuthukuth.blogspot.com) എഴുതിയ *ഇരുണ്ട വൻകരയുടെ ജീവിത തീരത്ത് - ആഫ്രിക്കൻ ഡയറി* എന്ന യാത്രാവിവരണം ശ്രദ്ധനേടുന്നതിനു മുൻപുള്ള ആദ്യ പോസ്റ്റുകൾക്ക് പത്തിൽ താഴെ കമന്റുകളാണ് ഉണ്ടായിട്ടുള്ള തെങ്കിൽ പ്രസ്തുത രചന പത്ത് പോസ്റ്റുകൾ പിന്നിടുമ്പോൾ കമന്റുകളുടെ എണ്ണത്തിൽ വൻ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇതിൽ തന്നെ പ്രവാസിക ളായി ലോകത്തിന്റെ വ്യത്യസ്ത കോണുകളിൽ ജോലി ചെയ്യുന്നവർ ഈ പോസ്റ്റു

കളെ അവരുടെ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെടുത്തി നോക്കുന്നതു കാണാം. നിശ്ചയമായും ഒരു വ്യക്തിയുടെ അനുഭവചിത്രീകരണത്തിൽ നിന്ന് ഇത്തരം ചർച്ചാ സാധ്യതകൾ വേറിട്ടനിലയിലേയ്ക്ക് എഴുത്തിനെ കൊണ്ടു പോകുന്നു. ചിത്രങ്ങൾ ചേർക്കുന്നത് വായനയെ സഹായിക്കുന്നു, സ്വന്തമല്ലാത്ത ചിത്രങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധ വേണം തുടങ്ങിയ വായനക്കാരുടെ നിർദ്ദേ ശങ്ങളെ എഴുത്തുകാരൻ ഇവിടെ സ്വീകരിക്കുന്നുണ്ട്. നിശ്ചയമായും തുടർന്നുള്ള എഴുത്തിനെ മറ്റുള്ളവരുടെ നിർദ്ദേശങ്ങൾ സ്വാധീനിക്കുന്നത് ഈ പോസ്റ്റുക ളിൽ കാണാവുന്നതാണ്. അങ്ങനെ എഴുത്തുകാരൻ വായനക്കാരനാൽ തിരുത്തപ്പെടുന്ന സന്ദർഭങ്ങൾ സൈബറിടത്തിൽ സാധ്യമാണ്. എന്നാൽ അച്ചടി ഇത്തരമൊരു സാധ്യത പ്രദാനം ചെയ്യുന്നില്ല. അതുമാത്രമല്ല അച്ചടി രംഗത്തിൽ എഴുത്തുകാരനും വായനക്കാരനും തമ്മിലുള്ളത് ഇതുപോലൊരു ബന്ധമല്ല. *ചില യാത്രകൾ* എന്ന ബ്ലോഗിലെ *ജൈന ക്ഷേത്രങ്ങളിലേയ്ക്ക്* എന്ന പോസ്റ്റ്, വയനാട്ടിലെ അധികമാരും ശ്രദ്ധിക്കാതെ കിടക്കുന്ന ജൈനക്ഷേത്രങ്ങളെക്കുറി ച്ചാണ് അൻപതിലധികം കമന്റുകൾ (27 ഏപ്രിൽ 2011 വരെ) ഉണ്ടായ ഈ പോസ്റ്റ് കമന്റുകളുടെ സാധ്യതകൾ മനസ്സിലാക്കാൻ നല്ലൊരു ഉദാഹരണമാ ണ്. കേരളത്തിലെ ജൈനമതത്തിന്റെ ബന്ധം, ഇത്തരം സ്ഥലങ്ങൾ സംരക്ഷി ക്കപ്പെടേണ്ടതിന്റെ ആവശ്യകത, ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ഐതീഹ്യങ്ങ ൾ തുടങ്ങി പല വിഷയങ്ങളും ഈ ചർച്ചയിലൂടെ പുരോഗമിക്കുന്നു. ജൈന ക്ഷേത്രങ്ങളിൽ പ്രശസ്തമായ കല്ലിൽ ക്ഷേത്രവുമായി ബന്ധപ്പെട്ട ചർച്ച ഈ പോസ്റ്റിൽ നടക്കുന്നത് 2008 ഒക്ടോബർ മാസത്തിലാണ് എന്നാൽ ഈ ക്ഷേത്ര ത്തിനടുത്ത് താമസിക്കുന്ന ഒരാൾ ഈ ചർച്ച കണ്ട് അഭിപ്രാമെഴുതുന്നത് 2010 നവംബറിലും. നിശ്ചയമായും ഇത്തരമൊരു സാധ്യത ഈ മാധ്യമം മാത്രം നല്കുന്നതാണ്. ഇതിലൂടെ യാത്രാവിവരണം പലനിലകളിൽ പുനർ നിർവചി ക്കപ്പെടുന്നു.

ഈ പോസ്റ്റിന്റെ കീഴെയുള്ള ചർച്ചകളിൽ കൂട്ടിച്ചേർക്കലുകൾക്കുള്ള നിരവധി സന്ദർഭങ്ങൾ ഉണ്ടാകുന്നുണ്ട്. കൂടാതെ തൊട്ടടുത്ത

പ്രദേശങ്ങളിലുള്ളവർ ഈ മാധ്യമത്തിലൂടെ ആദ്യമായി ഈ സ്ഥലത്തെക്കുറിച്ചറിയുന്നതിന്റെ ആശ്ചര്യം പങ്കുവയ്ക്കുന്നുണ്ട്. ഇവിടെ വായിച്ചറിഞ്ഞ് ആ നാട്ടുകാരനായ സുഹൃത്തിനോട് അവിടെ പോയമട്ടിൽ വിവരിച്ച് അത്ഭുതപ്പെടുത്തിയ കാര്യം പ്രതികരണങ്ങളിൽ വായിക്കാം. ആ പ്രതികരണം ഇങ്ങനെ,

"ഈ പോസ്റ്റ് വായിച്ച ഉടൻ ഞാൻ എന്റെ ഓഫീസിലെ ബത്തേരി സ്വദേശിയായ സുഹൃത്ത്സഹപ്രവർത്തകനെ വിളിച്ചു. എന്നിട്ട് വയനാട്ടിലെ ജൈനമത ക്ഷേത്രങ്ങളെപ്പറ്റിയൊക്കെ ഒരു അലക്ക് അങ്ങ് അലക്കി. പോസ്റ്റും തുറന്നു വെച്ചായിരുന്നു എന്റെ പ്രസംഗം. കുറെ ക്ഷേത്രങ്ങളുടേ പേരും അങ്ങ് പറഞ്ഞുകൊടുത്തു. അവനങ്ങ് ഞെട്ടിപ്പോയി, ഇതൊന്നും നാട്ടുകാരനായ അവനു പോലും അറിയില്ലായിരുന്നു. ആകെ അറിയുന്നത് ബാറ്ററി ബത്തേരി കാര്യം.. ഒടുവിൽ എടാ, സ്വന്തം നാടിന്റെ ചരിത്രം,സ്ഥലങ്ങൾ ഇതിനെയൊന്നിനെപ്പറ്റിയും അറിയാതെ ജീവിക്കുന്ന നിന്നോട് എനിക്ക് പുച്ഛം തോന്നുന്നു, പോയി കാണ് ഈ സ്ഥലങ്ങളെല്ലാം എന്ന് ഒരു ഉപദേശവും കൊടുത്ത് ഞാനങ്ങ് വലിയ ആളായി :)ഫോൺ വെച്ചു."

ഇത് വ്യക്തമാക്കുന്നത് യാത്രാവിവരണത്തിന്റെ സമഗ്രതയെ ആണ്. അതുപോലെതന്നെ യാത്രാവിവരണം എന്നത് പ്രശസ്തമായ സ്ഥലങ്ങളെക്കുറിച്ചുള്ള അറിവ് പങ്കുവയ്ക്കലാണെന്ന പഴയ ധാരണ ഇവിടെ പൊളിച്ചെഴുതപ്പെടുന്നു. സ്ഥലത്തിന്റെ പ്രശസ്തി എന്നതിനേക്കാൾ പ്രസക്തി ഇവിടെ പ്രധാനമാകുന്നു. ഇത് വലിയൊരു രാഷ്ട്രീയമാണ് മുന്നോട്ടു വയ്ക്കുന്നത്. ബൃഹദാഖ്യാനങ്ങൾക്ക് പകരം ഉത്തരാധുനികസാഹിത്യം ചെറുതുകളെ കൊണ്ടു വന്നു എന്ന് പറയുന്നത് പോലെ ഇവിടെ പ്രസക്തിയുള്ള ഏതിനും ഇടവും സ്വീകാര്യതയും ലഭിക്കുന്നു. പ്രാദേശികചരിത്രത്തിന്റെ സാധ്യതകളെയോ പാർശ്വവത്കരിക്കപ്പെട്ട വിഷയങ്ങളെയോ കുറിച്ച് അന്വേഷിക്കുന്ന ഒരാൾക്ക് ഇന്ന് സഹായകമാകുന്നത് അച്ചടി മാധ്യമങ്ങളേക്കാൾ എന്തുകൊണ്ടു ഈ സൈബർ മാധ്യമങ്ങൾ തന്നെയാകും. പരസ്യത്തിന്റെ

സാമ്പത്തികശാസ്ത്രമോ പ്രശസ്തിയുടെ സ്വാധീനങ്ങളോ ഇവിടെ രചനകൾ നടത്തുന്നതിന് പിന്നിൽ ഘടകമായി വരുന്നില്ല എന്നതാണ് ഇതിന് കാരണം. നിങ്ങളുടെ ചുറ്റുപാടുകളിൽ നിങ്ങൾക്കറിയുന്ന വിവരങ്ങൾ നേരത്തേ പ്രസിദ്ധീകരണയോഗ്യം ആയിരുന്നില്ലെങ്കിൽ നവമാധ്യമ ലോകത്തിൽ അത് നേരത്തേ സൂചിപ്പിച്ച പ്രസക്തിയുള്ള വിഷയമാണെങ്കിൽ ശ്രദ്ധയും ചർച്ചയും സാധ്യമാകുന്ന ഒന്നാണ്.

# അധ്യായം നാല്
# സൈബർ കവിതകൾ

സൈബർ സ്പേസിൽ കവിത സാധ്യമാക്കുന്ന സാധ്യതകളെ വിലയിരുത്തുകയാണ് ഇവിടെ. പ്രബന്ധത്തിൽ മുൻപ് സൂചിപ്പിച്ചിട്ടുള്ള ഈ സവിശേഷ മേഖല നല്കുന്ന സാധ്യതകളെ ഇവിടെ ആവർത്തിക്കുന്നില്ല. എന്നാൽ കവിത എന്ന രൂപത്തിന് സൈബറിടം നല്കുന്ന സാധ്യതകൾ നിരവധിയാണ്. അത് കവിതയുടെ പരമ്പരാഗത ധാരണകളെ പൊളിച്ചെഴുതുന്നുണ്ടെന്ന് കാണാം. മലയാളത്തിൽ ഇത്തരം കവിതകൾ ബ്ലോഗ്,ഫേസ്ബുക്ക് എന്നീ നവമാധ്യമങ്ങൾ വഴിയാണ് പുറത്തു വരുന്നത്.

കവിത എന്ന സാഹിത്യരൂപം ഈണവും ചൊല്ലലിന്റെ ഭംഗിയും ആശയസമ്പുഷ്ടതയും ഭാഷാ ക്രമവും എല്ലാമായി ബന്ധപ്പെട്ട് നില്കുന്നതാണ്. അച്ചടിയുടെ കടന്നുവരവോടെയാണ് ആധുനിക സാഹിത്യരൂപമായ കവിത പിറക്കുന്നതെന്ന് സാങ്കേതികമായി പറയാം. ചെറുകഥയ്ക്കും മുൻപും കഥകൾ ഉള്ളത് പോലെ കാവ്യങ്ങളായും ഗാനങ്ങളായും കവിത മനുഷ്യനൊപ്പം എന്നും ഉണ്ടായിരുന്നു. എന്നാൽ അച്ചടി ഇതിനെ വ്യത്യസ്തമായ ഒരു ചട്ടക്കൂടിലൊതുക്കി. കവിതയുടെ ഉള്ളടക്കത്തിനനുസരിച്ചിട്ടുള്ള ചിത്രങ്ങൾ നല്കി ദൃശ്യമാക്കാനുള്ള ശ്രമങ്ങൾ കാണാമെങ്കിലും കവിത അച്ചടിയിൽ ദൃശ്യത സൃഷ്ടിച്ചത് ഭാവനാലോകത്ത് തന്നെ ആയിരുന്നു.ചൊല്ലലിലൂടെയുള്ള ആസ്വാദനത്തിൽ നിന്ന് ഭിന്നമായി വായനയുടെ ലോകം മാറി എന്നു പറയാം. തുടർന്ന് വന്ന റേഡിയോ പോലുള്ള മാധ്യമങ്ങൾ കേൾവിയുടെ ആസ്വാദനതലം കവിതയ്ക്ക് നല്കാൻ പര്യാപ്തമായിരുന്നെങ്കിലും ചലച്ചിത്രഗാന ശാഖയുടെ കുത്തൊഴുക്കിൽ കവിതയ്ക്ക് ഇടം ലഭിച്ചില്ലെന്നതാണ് വാസ്തവം. ടെലിവിഷൻ ദൃശ്യസാധ്യതകൂടി ഉപയോഗിക്കാൻ കഴിയുന്ന മാധ്യമം ആണെങ്കിലും ആലാപനത്തിൽ തന്നെയാണ് അതും അപൂർവ്വമായെങ്കിലും കേന്ദ്രീകരിച്ചതും കവിതയെ പരിഗണിച്ചതും. കൈരളി ചാനലിലെ മാമ്പഴം പരിപാടിയെക്കുറിച്ച് മനോജ് കുറൂർ പറയുന്നു മാമ്പഴം എന്ന കവിതാവതരണ പരിപാടി കവിയരങ്ങ്,

ചൊല്ക്കാഴ്ച എന്നിങ്ങനെ കവിതാവതരണത്തിലെ വികാസഘട്ടങ്ങളെ തിരസ്കരിച്ചു കൊണ്ട് രാഗബന്ധമായ കവിതാലാപനത്തിൽ ഒതുങ്ങി നില്ക്കുന്നതിനു മാത്രമാണ് താത്പര്യം കാണിച്ചിരിക്കുന്നത്. അച്ചടിയായാലും ടെലിവിഷൻ പരിപാടിയായാലും സംവേദനത്തിന്റെ ഘട്ടത്തിൽ നേരിട്ട് ഇടപെടാനാകാത്ത ആസ്വാദക സമൂഹത്തെയാണ് അവതരണങ്ങൾ അഭിമുഖീകരിക്കുന്നതെന്നത് അതാത് മാധ്യമങ്ങളുടെ കൂടി സവിശേഷതയാണ്. ഈ മാധ്യമങ്ങളിൽ നിന്നൊക്കെ വ്യത്യസ്തമാണ് സമീപകാലത്ത് പ്രചാരം നേടിയ ഇന്റർനെറ്റ്. അച്ചടിയുടെയും ടെലിവിഷന്റെയും സവിശേഷതകൾ ഒരേസമയം ഉപയോഗിക്കാനാകുന്നു എന്നതു മാത്രമല്ല, ഈ പുതിയ മാധ്യമത്തിന്റെ പ്രത്യേകത. കവിതയുടെ വിനിമയഘട്ടത്തിൽ തന്നെ വായനക്കാർക്ക് സക്രിയമായി ഇടപെടാനാകുന്നു എന്നത് ഇവിടെ പ്രധാനമാകുന്നു.

ഡിജിറ്റൽ കവിത എന്ന് വിശേഷിപ്പിക്കുന്ന മേഖല ഇംഗ്ലീഷിലും മറ്റും നേരത്തെ ഉണ്ടായിരുന്നു. കമ്പ്യൂട്ടറിന്റെ സാങ്കേതികത ഉപയോഗപ്പെടുത്തി സി.ഡി., ഡി.വി.ഡി. എന്നിവയിലെല്ലാം സൂക്ഷിക്കുന്ന/പ്രസിദ്ധീകരിക്കുന്ന കവിതകളാണ് ഈ ഗണത്തിൽ ഉൾപ്പെട്ടിരുന്നത്. മലയാളത്തിൽ കവിതകളുടെ ഓഡിയോ രൂപമാണ് ഈ നിലയിൽ പുറത്തിറങ്ങിയിട്ടുള്ളത്. അതല്ല ഇവിടെ സൂചിപ്പിക്കുന്ന കവിതകൾ. ഇത് ഡിജിറ്റൽ സാങ്കേതികതയുടെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നവയാണ്. ഇത് ഡിജിറ്റൽ സാങ്കേതികതയുടെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നവയാണ്. ഈ കവിതകൾ ഇന്റർനെറ്റിന്റെ സൗകര്യം ഇല്ലാതെ തന്നെ ലിങ്കുകളും മറ്റും ഉപയോഗപ്പെടുത്തുന്നവയാണ് ഡിജിറ്റൽ കവിത. വായനക്കാരൻ ഇടപെടുന്ന കവിതകളാണ് ഇന്ററാക്ടീവ് പോയട്രി എന്ന ഡിജിറ്റൽ വിഭാഗത്തിൽ ഉൾപ്പെടുന്നത്. 1980 കളിൽ തുടങ്ങിയ ഈ രീതി ഇന്റർനെറ്റിന്റെ കടന്നുവരവോടെ വലിയമാറ്റങ്ങൾക്ക് വിധേയമായി. ഹൈപ്പർ ടെക്സ്റ്റിന്റെയും മൾട്ടിമീഡിയയുടേയും മാത്രമല്ല സൈബർസ്പേസിന്റെ ഒട്ടനവധി സാധ്യതകളെ ഉപയോഗപ്പെടുത്തുന്നു ഇന്ന് ഇന്റർനെറ്റിലെ കവിത. secrettechnology.com, poetryinternational.org എന്നീ വെബ്സൈറ്റുകളിൽ

മാതൃകകൾ കാണാം. www.dpoetry.com/rfield/art1/index.html എന്ന പേജിൽ കവിത മൗസ് ഉപയോഗിച്ച് വരച്ചെടുക്കേണ്ട ഒന്നാണ്. പേജിനടിയിൽ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ ഇപ്രകാരമാണ്,

DIRECTIONS FOR PLAY/READ

Rotate: Left Mouse Button and Move

Zoom: Press Key S + Left Mouse Button and Move

Drag: Press Key D + Left Mouse Button and Move

ഇവിടെ കവിത ഒരു കളി (ഗെയിം) കൂടിയാണ്.

മലയാളത്തിൽ കവിതയുടെ കാഴ്ച അച്ചടിയുടെ കാലഘട്ടത്തിൽ തന്നെ രൂപപരമായ നിരവധി പരീക്ഷണങ്ങൾക്ക് വിധേയമായിട്ടുണ്ട്. അയ്യപ്പപ്പണിക്കരുടെ പരീക്ഷണങ്ങളും ചിത്രകവിതകളും മറ്റും ഉദാഹരണങ്ങളായി കാണാം. ഇന്റർനെറ്റിൽ രൂപം തന്നെ കവിതയായി മാറുന്നതിന്റെ ഉദാഹരണങ്ങൾ കാണാം. വീഡിയോ ഗെയിം രൂപത്തിലും ചിത്രങ്ങളിലൂടെയും വരികളുടെ മാറ്റങ്ങളിലൂടെയും ലിങ്കുകളിലൂടെയുമെല്ലാം ഇവിടെ കവിത പിറക്കുന്നു. ഡിജിറ്റൽ രൂപത്തിൽ വരുന്നു എന്നതു കൊണ്ടു മാത്രം ഒരു കവിതയെ സൈബർ എന്ന ഗണത്തിൽ ഉൾപ്പെടുത്താനാകില്ല. സി.ഡി.യിൽ ഇറങ്ങിയതു കൊണ്ടോ വെബ്പേജിൽ എഴുതിയതു കൊണ്ടോ മാത്രം ഒരു കവിതയെ സൈബർ സാഹിത്യം എന്ന ഗണത്തിൽപ്പെടുത്തേണ്ടതുണ്ടോ എന്നത് ആലോചിക്കാവുന്നതാണ്. പ്രശസ്തകവികളായ ബാലചന്ദ്രൻ ചുള്ളിക്കാടും പി.പി.രാമചന്ദ്രനും മറ്റും ബ്ലോഗുകളിൽ കവിതകളെഴുതാറുണ്ട്. ഈ കവിതകൾ പലപ്പോഴും സൈബർ കവിതകളാകുന്നത് അവ വായനക്കാരിലേയ്ക്ക് എത്തുന്നതിന്റെ സ്ഥല കാല സാധ്യതകളെ മുൻ നിർത്തിയും വായനക്കാർക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താനുള്ള സാധ്യതയെ മുൻ നിർത്തിയുമാണ്. ഈ കവികൾ അച്ചടിമാധ്യമത്തിൽ എഴുതി പ്രസിദ്ധീകരിച്ചാൽ വായിക്കപ്പെടുന്നതിൽ നിന്നും സൈബർലോകത്തെ കവിത വ്യത്യസ്തമായാണ് വായനക്കാരി ലേയ്ക്കെത്തുന്നത് പ്രധാനമാണ്. ജാൻ വീറ്റൻസും ജാൻ വാൻ ലൂയിസും

ഈ-കവിതയുടെ ലക്ഷണങ്ങളായി നിരീക്ഷിക്കുന്നത് ഇവയാണ്,

ഇ-കവിത എഴുത്തിനും വായനയ്ക്കുമിടയിൽ ഇന്ററാക്ടീവ് ആയിരിക്കണം.

ദൃശ്യ ശ്രാവ്യസങ്കേതങ്ങൾ ഉപയോഗിച്ചിരിക്കണം,

ഇ-കവിത സഞ്ചാരസന്നദ്ധവും ചലനാത്മകവും ബഹുവ്രീഹിയുമായിരിക്കണം. എഴുത്തുകാരനും വായനക്കാരനും വെച്ചുമാറി ഒന്നാകുന്ന രചനാ - വായനാലോകത്തിന്റെ സൃഷ്ടിയാണ് ഇ-കവിതയുടെ ഒന്നാമത്തെ സവിശേഷതയായി പരിഗണിക്കപ്പെടുന്നത്. ഒരു കവിത ഇ-ഇടത്തിൽ പ്രസിദ്ധീകരിക്കുമ്പോൾ തന്നെ മൊബൈൽ ഫോണിലെ ഇ-മെയിൽ അലർട്ട് വഴി അത് വായനക്കൂട്ടത്തിലെത്തും. വായനയും പ്രതികരണങ്ങളും കവി കൂടി ഇടപെടുന്ന ചർച്ചകളും അപ്പോൾത്തന്നെ ആരംഭിക്കും. (ഡോ. വി.അബ്ദുൾ ലത്തീഫ് ഇ-കവിതയുടെ രൂപഘടന, തർജ്ജനി) സൈബർ കവിതകളെക്കുറിച്ചുള്ള ഈ നിരീക്ഷണങ്ങൾ പലതും മുൻപ് പറഞ്ഞകവികളുടെ ബ്ലോഗെഴുത്തിൽ സാധ്യമാകുന്നതായി കാണാം.

ബാലചന്ദ്രൻ ചുള്ളിക്കാട് അദ്ദേഹത്തിന്റെ തുറമുഖം എന്ന ബ്ലോഗിൽ എഴുതിയ മഴ എന്ന കവിത (https://balachandranchullikkad.blogspot.com/2012/06/blog-post_21.html) നോക്കുക -

മഴ

ഒരു മഴപ്പൊടി നിന്റെ കൺപീലിയിൽ
സ്ഫടികബിന്ദുപോൽ മിന്നിത്തിളങ്ങുന്നു.
അതിലൊരായിരം ദീപങ്ങൾ കത്തുമെൻ
പ്രണയതാരകക്ഷേത്രം വിളങ്ങുന്നു!

ഈ കവിതയ്ക്ക് വന്ന ആദ്യ കമന്റ് ഇപ്രകാരമാണ്,

“മഴ നമുക്കെന്തൊക്കെയാണ് തരുന്നതല്ലേ... പ്രണയവും വിരഹവും ഇഷ്ടവും നഷ്ടവും എല്ലാം ഒർമ്മിപ്പിച്ചു കൊണ്ട് നമ്മുടെ ഉള്ളിലും പെയ്യും മഴ.. ചെറിയതെങ്കിലും ഒരു പാട് പറയുന്നു ഈ വരികൾ.. :)”

മറ്റൊരു കമന്റ് ഇപ്രകാരമാണ്,

"നമുക്കൊരുമിച്ചു പെയ്യാം..
തങ്ങളിൽ പരസ്പരം പെയ്തു നിറയാം.
തളർന്നു തോരുമ്പോൾ നമുക്കൊരേ മഴത്തുള്ളിയിൽ
ഉറങ്ങാം..
പിന്നെ നമുക്ക് മേഘങ്ങളുടെ ഗർഭപാത്രത്തിൽ
ഒളിക്കാം.
സ്നേഹത്തിന്റെ കാറ്റ് വീശുമ്പോൾ വീണ്ടും
ഒരുമിച്ചു പെയ്തിറങ്ങാം ..
അങ്ങനെ... കാലങ്ങൾ.. യുഗങ്ങൾ.. നമുക്ക്
ജീവിക്കാം.. പ്രണയിക്കാം.."
അവസാനമില്ലാതെ...നീയെന്നിലും ഞാൻ നിന്നിലും
നിറഞ്ഞുനിൽക്കാം."

സൈബർ ലോകത്തെ കവിതയുടെ ആസ്വാദനം പൂർത്തിയാകുന്നത് ഇങ്ങനെ നിരവധിയായ കമന്റുകളിലും കൂടിയാണ്. കവി എഴുതുന്ന വരികൾക്ക് മറുപടിയായി വായനക്കാരി സ്വന്തം വരികൾ എഴുതുന്നു. ഇത് രണ്ടും വായിക്കുന്നതിലൂടെ മൂന്നാമതൊരു വായനക്കാരൻ കവിതയെ വ്യത്യസ്തമായി അനുഭവിക്കുന്നു. ഈ അനുഭവതലം ചുള്ളിക്കാടിന്റെ അച്ചടിച്ച കവിതയ്ക്ക് ഒരിക്കലും പ്രാപ്യമാകുന്നില്ല.

സൈബർ ലോകത്തിന്റെ വിശാലതയിലേയ്ക്കാണ് ഈ കവിതകൾ ചെന്നെത്തുന്നത്. ഒരേസമയം വ്യത്യസ്ത വെബ് മാധ്യമങ്ങളിൽ ദൃശ്യമാകാൻ സൈബർ സാഹിത്യത്തിന് സാധ്യമാണ്. ബ്ലോഗിൽ എഴുതുന്ന കവിതയെത്തന്നെ ഫെയ്സ്ബുക്ക്, ടിറ്റർ എന്നിവയിലൂടെ പ്രചരിപ്പിക്കാനും പ്രസിദ്ധീകരിക്കാനും

കഴിയും. ഈ വിശാലത അച്ചടിമാധ്യമത്തിന് നല്ലത് സാധ്യമാകുന്നതല്ല. ഇംഗ്ലീഷ് വെബ് പേജുകളിൽ കാണാവുന്ന സൈബർ ലോകത്തിന്റെ സാധ്യതകളെല്ലാം ഉപയോഗപ്പെടുത്തുന്ന കവിതകൾ മലയാളത്തിൽ ഇന്നും അത്യപൂർവ്വമാണ്. അപ്രശസ്തികൊണ്ടോ സാമ്പത്തികാവസ്ഥകൊണ്ടോ അച്ചടിക്കാൻ കഴിയാത്തവ എഴുതിയിടുന്ന ഒരിടം മാത്രമാകുന്നുണ്ട് ഏറിയ പങ്കും ബ്ലോഗ് കവിതകൾ."കടലാസിന്റെ വെളുത്തപ്രതലത്തിലേയ്ക്ക് വലിപ്പത്തിലും നിറത്തിലും ഏകതാനമായി നിരന്നു നില്കുന്ന കറുത്ത അക്ഷരങ്ങളിലൂടെ മാത്രം ആവിഷ്കരിക്കപ്പെടേണ്ട ഗതികേട് ഇ-കവിതയ്ക്കില്ല. ഒരു മൗസ് ക്ലിക്കിൽ ഏതു ദൂരത്തെയും കീഴടക്കുന്ന കണ്ണിചേർക്കാൻ സങ്കേതമുപയോഗിച്ച് അക്ഷര വിന്യാസത്തോടൊപ്പം വൈവിധ്യമാർന്ന ദൃശ്യ ശ്രേഷ്ഠ സംഭവങ്ങളെക്കൂടി കവിതയിലേക്ക് സന്നിവേശിക്കാവുന്നതേയുള്ളൂ, വാക്കുകളിൽ നേരിട്ട് കണ്ണിചേർക്കുന്ന രീതി കവിതകളിൽ കാണാനായിട്ടില്ല. വിഷ്ണു പ്രസാദിന്റെ 'ഗെയിം' എന്ന കവിത ഈ സാധ്യതയെ മനോഹരമായി ഉപയോഗപ്പെടുത്തിയ രചനയാണ്." (ഡോ. വി.അബ്ദുൾ ലത്തീഫ് ഇ-കവിതയുടെ രൂപഘടന, തർജ്ജനി) ഒരു വീഡിയോ ഗെയിം കളിക്കുന്ന ഘടനയിലാണ് ഗെയിം എന്ന കവിത തയ്യാറാക്കിയിട്ടുള്ളത്. മൗസും കഴ്സറും കീ ബോർഡിലെ കീകളും ഉപയോഗിച്ചുള്ള ഒരു കളിയാണ് ഇവിടെ കവിത.

മലയാളത്തിൽ കവിതകൾ എഴുതുന്ന ബ്ലോഗുകൾ നിരവധിയാണ്. സൈബർ സ്പേസിന്റെ സാധ്യതകളെ ഇവ ഓരോന്നും ഉപയോഗപ്പെടുത്തുന്നത് പലവിധത്തിൽ ആയിരിക്കും. സാമ്പത്തിക നേട്ടം, സ്ഥല-കാല പരിമിതികളെ അതിജീവിക്കൽ എന്നിവയെയെല്ലാമാണ് വളരെയധികം പേർ പ്രയോജനപ്പെടുത്തുന്നത്. മറ്റു ചില ബ്ലോഗുകളിൽ മുൻപ് സൂചിപ്പിച്ച ചർച്ചകളുടെ ഇടമായാണ് ഈ ലോകം പ്രധാനമാകുന്നത്. www.prathibhasha.blogspot.com, www.ottamazha.blogspot.com, www.bahuvreehi.blogspot.com എന്നിവയെല്ലാം ഓരോ രീതിയൽ ഈ സാധ്യതകളഎ ഉപയോഗിക്കുന്നതായി കാണാം. ബരിതകം, പുതുകവിത,

ബൂലോക കവിത എന്നിവയെല്ലാം ബ്ലോഗിലെ കവിക്കൂട്ടായ്മകളുടെ ഇടങ്ങളാണ്. 'ഗെയിം' എന്ന സൈബർ കവിത പ്രസിദ്ധീകരിച്ച വിഷ്ണു പ്രസാദിന്റെ മറ്റുകവിതകൾ പ്രാഥമികമായ നിലകളിൽ മാത്രമാണ്. എന്നാൽ ചർച്ചകളുടെ സാധ്യതകളെ ഭംഗിയായി ഉപയോഗപ്പെടുത്തിയിരുന്നു ഈ കവിയുടെ ബ്ലോഗ്. ബഹുവ്രീഹി എന്ന ബ്ലോഗ് കവിതകൾ ചൊല്ലി നല്കുന്നു. ഇത്തരത്തിൽ മലയാളത്തിലെ പ്രശസ്ത കവികളുടെ കവിതകൾ സേബർ സ്പേസിന്റെ സാധ്യതയിലൂടെ കേൾവിക്കാരിലേയ്ക്കെത്തിക്കുന്ന ബ്ലോഗറാണ് ജ്യോതിബായ് പടിയാരത്ത്. (www.kavyamsugeyam.blogspot.com) ഇന്ന് മലയാളത്തിലെ ഒട്ടുമിക്ക പ്രശസ്തകവിതകളും കേൾക്കാൻ കിട്ടുന്ന ശബ്ദശേഖരമാണ് ഈ ബ്ലോഗ്.

സൈബർ ലോകത്തിന്റെ സാധ്യതകളെ ഭംഗിയായി ഉപയോഗിക്കുന്ന ബ്ലോഗറാണ് സെറീന. (www.ottamazha.blogspot.com) ഒരു ചിത്രത്തെ അടിസ്ഥാനമാക്കുന്ന വരികളഅം എന്നതാണ് ഈ ബ്ലോഗിലെ കവിതകളുടെ സവിശേഷത. മൂന്ന് ഘടകങ്ങളെ സമന്വയിപ്പിക്കുകയാണ് ഈ ബ്ലോഗിലെ കവിതകൾ ചെയ്യുന്നത്. ഒന്ന് – കവിതയുടെ പേരാണ്, രണ്ട് – ചിത്രം, മൂന്ന് – കവിത. ഈ മൂന്ന് കാര്യങ്ങളെയും സമന്വയിക്കുമ്പോഴാണ് ഈ ബ്ലോഗിലെ ഓരോ കവിതയും പൂർണ്ണത കൈവരിക്കുന്നത്. 2010 നവംബർ 26ന് പോസ്റ്റ് ചെയ്ത കവിതയുടെ പേര് 'വസന്തം' എന്നാണ്. ചിത്രം ശിഖരങ്ങൾ പൂർണ്ണമായും മുറിച്ചു മാറ്റപ്പെട്ട ഒരു മരത്തിൽ രണ്ട് കാക്കകൾ ഇരിക്കുന്നതാണ്. 'വസന്തം' എന്ന പേരിന് നേർ വിപരീതമായ ചിത്രമാണ് ഇത്. തുടർന്ന് മൂന്നാമത്തെ ഘടകമായ കവിത,

"ഇവിടെയുണ്ടിപ്പോഴും
ചിറകടക്കങ്ങളുടെ കൂട്,
മേഘങ്ങളുടെ കണ്ണു പൊത്തി
മറ തന്ന ഇലച്ചില്ലകൾ

പിന്നെ,

നമ്മൾ മാത്രം മടങ്ങി വരാതിരിക്കുന്നതെങ്ങനെ
മുറിച്ചു മാറ്റാത്ത ചില്ലകളുള്ളിൽ
നിരന്തരം പൂക്കുമ്പോൾ?"

ഈ മൂന്ന് ഘടകങ്ങളിൽ മാത്രം തീരുന്നില്ല ബ്ലോഗ് കവിതയുടെ സവിശേഷതകൾ. അത് ഇതിന്റെ തുടർച്ചയായി വരുന്ന പ്രതികരണങ്ങളിലൂടെ വീണ്ടും വിപുലമാകുന്നു. കവയിത്രി ഒരു ഇടവേളയ്ക്ക് ശേഷമാണ് ഈ കവിത പോസ്റ്റ് ചെയ്തത്. അതിനാൽ പ്രതികരണങ്ങളിലൊന്ന് ഇങ്ങനെ,

"ഇത്ര നാൾ കാണാതിരുന്നപ്പോൾ കരുതി, എവിടെപ്പോയിയെന്നു!
മടങ്ങി വരാതിരിക്കുന്നതെങ്ങനെ,അല്ലെ?
മുറിച്ചു മാറ്റാത്ത ചില്ലകളുള്ളിൽ
നിരന്തരം പൂക്കുമ്പോൾ...
:) "

മറ്റൊരാൾ ചോദിക്കുന്നു,
"ഈ ചിത്രകവിത ഒരു പുതിയ സാഹിത്യശാഖയാണോ?"

ഈ ബ്ലോഗിൽ മറുപടികൾ കാണുന്നില്ല. എന്നാൽ മറുപടികൾ കൂടി ഉണ്ടായിരുന്നെങ്കിൽ അതിലൂടെ കവിതയും ആശയങ്ങളും കൂടുതൽ വിപുലമാകുമെന്ന് തീർച്ചയാണല്ലോ.

'ചിരിച്ചോറ്' എന്ന കവിതയുടെ ചിത്രം നെല്ല് കൊയ്യുന്ന ഒരു സ്ത്രീയുടെ പുഞ്ചിരിയാണ്. ഈ കവിത റഫീക്ക് അഹമ്മദിന്റേതാണ്. എന്നാൽ അത് ഈ ചിത്രത്തോടൊപ്പമായപ്പോൾ പുതിയൊരു തലം കൈവരുന്നു. കവിത ഇങ്ങനെ,

"അന്തി വിണ്ണിന്റെ തുണ്ട് തിരുകിയ
കല്ലടുപ്പിന്? മുകളിലെച്ചട്ടിയിൽ
വെന്തുവോയെന്നു മെല്ലെക്കുനിയുന്ന
ചന്തമാർന്ന മുഖത്തോടോ, തൂമണി

ത്തുമ്പ പൂത്തു മലർന്ന പോലീച്ചിരി?"

- റഫീക്ക് അഹമ്മദ്

'ഊഴം' എന്ന കവിതയുടെ ചിത്രം ഇറച്ചിക്കടയിൽ കെട്ടിയിട്ട മൃഗമാണ്. കവിത ഒറ്റവരി മാത്രം,

# ഉപസംഹാരം

സാങ്കേതികവിദ്യയുടെ വളർച്ച സാഹിത്യത്തെ പുനർനിർണ്ണയിക്കുന്നത് ചരിത്രത്തിന്റെ വിവിധഘട്ടങ്ങളിൽ നടന്നു വന്നിട്ടുള്ള കാര്യമാണ്. പേപ്പറിന്റെ കണ്ടുപിടുത്തം പോലും പുതിയൊരു സാങ്കേതികത എന്ന നിലയിൽ അക്കാലത്തെ എഴുത്തിനെ വഴിതിരിച്ചിട്ടുണ്ട് എന്നതിൽ സംശയമില്ല. എഴുത്ത്/ സാഹിത്യം എന്നത് വിവിധ പ്രകരണങ്ങളാൽ ഓരോ കാലഘട്ടത്തിലും പുനർ നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഭാഷയും സാഹിത്യവും ചലനാത്മകമാണെന്ന ചിന്ത പങ്കുവയ്ക്കുമ്പോൾ ഉയരുന്ന ചോദ്യമാണ് ഈ ചലനാത്മകതയ്ക്ക് പിന്നിലെ ഘടകങ്ങൾ എന്തെല്ലാമാണെന്നത്.

സംസ്കാരത്തിന്റെ പ്രതിനിധാനമാണ് ഭാഷ എന്നത് സുവ്യക്തമാണല്ലോ. ഭാഷ ഒരു ജനതയുടെ ജീവിതശൈലിയുടെ പ്രതിരൂപമാണ്. അപ്പോൾ ഭാഷയിൽ രൂപപ്പെടുന്ന സാഹിത്യമോ? തീർച്ചയായും സാഹിത്യരചനകൾ സംസ്കാരബദ്ധമാണ്. ഒപ്പം അത് സമൂഹത്തിന്റെ ചലനങ്ങൾക്കൊത്ത് പുതുരൂപം കൈവരിക്കുന്നതുമാണ്. അച്ചടി എന്ന സാങ്കേതികവിദ്യ ആധുനികസാഹിത്യരൂപങ്ങളെത്തന്നെ നിർമ്മിച്ചെടുത്തു. പുതിയ ഭാവുകത്വത്തിനു വഴിയൊരുക്കാനും സാങ്കേതികവിദ്യയിലെ പുതുമകൾക്ക് കഴിയുന്നുണ്ട്. അച്ചടിയുടെ തുടർച്ചയായി വന്നത് റേഡിയോയും ടെലിവിഷനും പോലുള്ള ഇലക്ട്രോണിക് ഉപകരണങ്ങളാണ്. ഇവ ഉത്തരാധുനികസാഹിത്യത്തിന്റെ ദിശ നിർണ്ണയിക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ച എന്ന നിലയിലാണ് കമ്പ്യൂട്ടർ ഇന്റർനെറ്റ് തുടങ്ങിയ സാങ്കേതികവിദ്യകളുടെ നിർമ്മിതിയായ സൈബർലോകം സാഹിത്യമേഖലയെ സ്വാധീനിക്കുന്നത്.

ഭാവുകത്വമെന്ന നിലയിൽ സൈബർ രചനകളുടെ ഉള്ളടക്കത്തെ വിലയിരുത്തുന്ന രീതിയല്ല ഈ പ്രബന്ധം സ്വീകരിച്ചത്. ഭൗതിക അവസ്ഥ

എന്ന നലയിൽ സാങ്കേതികതയുടെ വ്യതിയാനം സാഹിത്യത്തിൽ ഇടപെടുന്നത് എങ്ങനെയാണെന്നത് മലയാളത്തിലെ ബ്ലോഗുകളെ മുൻനിർത്തി വിശകലനവിധേയമാക്കുകയായിരുന്നു ഈ പഠനം.

സാങ്കേതികതയുടെ ഇടപെടൽ സാഹിത്യരചനയിൽ പ്രധാനമാകുന്ന ഈ കാല ഘട്ടത്തിൽ, അക്കാര്യം വിശകലനം ചെയ്യാനാണ് ഈ പ്രബന്ധം ശ്രമിച്ചത്. സൈബർ സാഹിത്യവുമായി ബന്ധപ്പെടുന്ന മൂന്ന് പ്രധാനതലങ്ങൾ മാത്രമാണ് ഈ വിശകലനത്തിന് ഉപയോഗിച്ചത്. എന്നാൽ അതിനകത്ത് തന്നെ സ്ഥല - കാല സങ്കല്പത്തിലെ മാറ്റം, സ്വയം പ്രസാധനം നൽകുന്ന സാധ്യതകൾ തുട ങ്ങിയ വിഷയങ്ങൾ പരിശോധിച്ചിട്ടുണ്ട്. സാങ്കേതികതലത്തെക്കുറിച്ചുള്ള വിശ കലനം എഴുത്തിനെ സാങ്കേതികതയുടെ ഘടകങ്ങൾ സ്വാധീനിക്കുന്നുവെന്ന നിഗമനത്തിലേയ്ക്കാണ് നമ്മെ എത്തിക്കുന്നത്. മൾട്ടി മീഡിയയും ഹൈപർടെക്സ്റ്റുമെല്ലാം എഴുത്തിന്റെ ഭാഷയെയും എഴുത്ത് രീതികളെയും പുതു ക്കിപ്പണിയുന്നുണ്ട്. ഇത്തരത്തിൽ അച്ചടി മാധ്യമത്തിലൂടെ വളർന്ന യാത്രാവി വരണശാഖയ്ക്ക് ഒരു പുതിയ ആഖ്യാനക്രമവും ഭാഷാരീതിയും ബ്ലോഗ് രചന കളിലൂടെ ഉണ്ടായിട്ടുണ്ട്. നിശ്ചയമായും വരാനിരിക്കുന്ന യാത്രാവിവരണങ്ങൾ ഏത് മാധ്യമത്തിലായാലും ഇത്തരം രചനകളുടെ സ്വാധീനത പ്രകടമാകാനിട യുണ്ട്. അച്ചടി മാധ്യമങ്ങൾ ബ്ലോഗെഴുത്തിന് നല്കുന്ന പ്രാധാന്യവും അച്ചടി മാധ്യമങ്ങളുടെ ഘടനയിലും ഭാഷയിലും ഇതിലൂടെ വരുന്ന പുതു പ്രവണത കളും ഇതിനെ സൂചിപ്പിക്കുന്നു.

*ചില യാത്രകൾ* എന്ന ബ്ലോഗിന്റെ ഹോം പേജിൽ നിരക്ഷരൻ എഴുതു ന്നു, “യാത്രാവിവരണമെഴുതാനൊന്നും ഞാനാളല്ല. അതൊക്കെ മലയാളിക്കു വേണ്ടി പൊറ്റക്കാട് അതിമനോഹരമായി എഴുതിയിട്ടുണ്ട്. അത് വായിക്കാത്ത വർക്ക് വേണ്ടി, സന്തോഷ് ജോർജ്ജ് കുളങ്ങരയുടെ സഞ്ചാരം വീഡിയോ രൂപ ത്തിലും പുറത്തിറങ്ങിയിട്ടുണ്ട്. ഇതിനൊക്കെയപ്പുറം, മറ്റൊരു യാത്രാവിവരണ ത്തിനെന്തു പ്രസക്തി? ഇതെന്റെ ചില കൊച്ചു കൊച്ചു യാത്രാക്കുറിപ്പുകളാണ്.

ഒരു ഡയറി പോലെ, എനിക്കു വേണ്ടി ഞാൻ തന്നെ കുത്തിക്കുറിച്ചിടുന്ന ചില സ്ക്രാപ്പുകൾ. ഏതെങ്കിലും വഴിപോക്കൻ വായിക്കാനിടയായാൽ, ഏതെങ്കിലും കുറിപ്പുകൾ രസകരമായിത്തോന്നാൻ ഇടയായാൽ, ഈയുള്ളവൻ ധന്യനായി. അതിലപ്പുറം ഒരു ലക്ഷ്യവും ഈ കുറിപ്പുകൾക്കില്ല.'' ഇവിടെ പറയുന്നതു പോലെ യാത്രാവിവരണമെന്നതിലുപരി ആത്മാംശമുൾക്കൊള്ളുന്ന കുറിപ്പുകൾക്കാണ് ബ്ലോഗ് യാത്രാവിവരണങ്ങൾ കൂടുതൽ പ്രാധാന്യം നല്കുന്നതെന്ന് പറയാം. ഈ ശൈലിയും സാങ്കേതികതയുടെ ഇടപെടൽ എന്നതു പോലെ തന്നെ സാഹിത്യത്തിൽ പ്രധാനമാണെന്നു കാണാം.

സാങ്കേതികതയുടെ സ്വാധീനം പഠനം നടത്തിയ രണ്ട് സാഹിത്യമേഖലകളിലും തിരിച്ചറിയാനായി കഴിഞ്ഞിട്ടുണ്ട്. യാത്ര എന്നതിന്റെ കാഴ്ചാനുഭവത്തെ നേരിട്ട് ദൃശ്യമാക്കി നല്കാൻ കഴിയുന്നു എന്നതാണ് പ്രധാനം. ഇതിനായി മൾട്ടി മീഡിയ സാധ്യതകൾ ഏറെ സഹായിക്കുന്നു. പലയിടത്തും ആവശ്യമുള്ള വിവരങ്ങളെ ലിങ്കുകളിലൂടെ നല്കുന്നതിന് ഇവിടെ കഴിയുന്നു. ഉദാഹരണത്തിന് ഒരു യാത്ര പോകുമ്പോൾ ആ സ്ഥലത്തിന്റെ ഭൂമിശാസ്ത്രം, രാഷ്ട്രീയം, ഭൂപടം എന്നിവയെല്ലാം പലയിടങ്ങളിലായി ഇന്റർനെറ്റിൽ ഉണ്ടാകും. ഇവ അറിഞ്ഞ് വന്ന് വിവരണം വായിക്കുന്നതിലൂടെ വായനക്കാർക്ക് വ്യത്യസ്ത അനുഭവം നല്കാനാകുന്നു.

കവിതയുടെ മേഖലയിൽ മലയാളത്തിൽ ലിങ്കുകളോ ഗ്രാഫിക്സോ ഉപയോഗിക്കുന്ന രീതി അധികമായി കാണുന്നില്ല. എന്നാൽ ചിത്രങ്ങളും മറ്റും ഉപയോഗിച്ച് അത്തരം സാധ്യതകളെ കവിതാബ്ലോഗുകൾ ഉപയോഗിക്കുന്നുണ്ട്. ഇവിടെ കാണുന്ന മുഖ്യസവിശേഷത പ്രതികരണങ്ങളുടേതാണ്. അങ്ങനെ വായന എന്ന അച്ചടി സൃഷ്ടിച്ച വ്യക്തിഗതാനുഭവത്തെ ഒരു തരത്തിൽ സംഘാനുഭവമാക്കിമാറ്റാൻ സൈബർ ലോകത്തിൽ സാധിക്കുന്നു. ഒരാൾ വായിക്കുന്നതിൽ മറ്റൊരു വായനക്കാരന്റെ ഇടപെടൽ സാധ്യത അല്ലെങ്കിൽ സ്വാധീനം എന്നത് അച്ചടിയിൽ വലിയ പ്രാധാന്യമുള്ള കാര്യമല്ല. എന്നാൽ

ഇവിടെ പോസ്റ്റ് വായിക്കുന്നയാൾ പ്രതികരണങ്ങളിൽ കൂടി കടന്നു പോകുന്നു. അപ്പോൾ അയാളുടെ വായനാനുഭവം മറ്റൊന്നായി തീരുന്നു. അച്ചടിലോകത്തെ പ്രമുഖരായ കവികൾ ഇവിടെ കവിതയെഴുതുമ്പോൾ നടക്കുന്ന ചർച്ചകൾ ഉദാഹരണമാണ്. കവി അഭിപ്രായം പറയുന്നില്ലെങ്കിൽ കൂടി വായനക്കാർ കവിതയെ പല നോട്ടക്കോണുകളിലൂടെ നോക്കിക്കാണുകയും വായനാനുഭവം പങ്കുവയ്ക്കുകയും ചെയ്യുന്നു.

സൈബർ ലോകത്തെ വായനയുടെ മറ്റൊരു സവിശേഷത വായനക്കാരന്റെ പ്രമാണിത്തമാണ്. അച്ചടിലോകം എഴുത്തുകാരനെയാണ് വാസ്തവത്തിൽ കൊണ്ടാടുന്നത്. ഇവിടെ താരതമ്യേന പുതുമുഖങ്ങളാണ് അധികം എന്നതു കൊണ്ടു മാത്രമല്ല ഇത്. വായനക്കാർക്കാണ് ഇവിടെ പ്രാമുഖ്യം ലഭിക്കുന്നത്. അതുകൊണ്ട് തന്നെയാണ് ബ്ലോഗന പോലുള്ള പംക്തികൾ വരുന്നതിനെ കുറേപേരെങ്കിലും എതിർക്കുന്നത്. ബ്ലോഗെഴുത്തുകാരിൽ മേൽ കീഴ് ശ്രേണികൾ ആവശ്യമില്ല എന്ന് അവർ കരുതുന്നു. ആർക്കും എഴുതാനാകുന്ന ഇടം എന്നതും പങ്കുവയ്ക്കലിന്റെ ഇടം എന്നതുമാണ് ബ്ലോഗുകളുടെ പൊതുസ്വഭാവമായി കാണുവാൻ കഴിയുന്നത്.

ചെറുതുകളുടെ അതിജീവന ഇടം കൂടിയാണ് ബ്ലോഗുകൾ. ഇവിടെ പ്രശസ്തി എന്നതിനേക്കാൾ പ്രസക്തിയ്ക്ക് മുന്തിയ പരിഗണന ലഭിക്കുന്നു. യാത്രാവിവരണം എഴുതുന്നയാളുടെ പ്രശസ്തി അച്ചടി മാധ്യമത്തിൽ പ്രധാനമാണെങ്കിൽ ഇവിടെ സ്ഥലത്തിന്റെ പ്രസക്തിയാണ് മാനദണ്ഡമാകുന്നതെന്ന് സാരം. വായനക്കാരന്റെ ഇടപെടൽ ശേഷി ഇതിന്റെ സാധ്യതകളെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇടിഞ്ഞുപൊളിഞ്ഞ ഒരു കെട്ടിടത്തിന്റെ ഭംഗിയുള്ള ഫോട്ടോ പോസ്റ്റ് ചെയ്യുന്നയാൾക്ക് അതിന്റെ ഭംഗി മാത്രമാണ് പ്രേരണയാകുന്നത്. എന്നാൽ അതിനു കീഴെ പ്രതികരിക്കുന്നയാൾക്ക് അതിന്റെ ചരിത്രമാകും പ്രധാനം. അങ്ങനെ അത് ആ കെട്ടിടത്തിന്റെ ചരിത്രത്തെക്കുറിച്ചുള്ള അറിവുകൾ പങ്കുവയ്ക്കുന്ന ഇടമായി

മാറുന്നു. അതായത് എഴുത്തുകാരൻ വിചാരിക്കാത്ത ഇടങ്ങളിലേയ്ക്ക് പോസ്റ്റിനെ കൊണ്ടുപോകാൻ വായനക്കാർക്ക് കഴിയുന്നു. ഇതിന് സ്ഥലത്തിന്റെയും കാലത്തിന്റെയും പരിമിധികളെ അതിജീവിക്കാൻ കഴിയുന്നു എന്നതും പ്രധാനമാണ്.

**ഗ്രന്ഥസൂചി**

| | | | |
|---|---|---|---|
| ജോസ് കെ. മാനുവൽ (എഡി.) | 2014 | നവമാധ്യമങ്ങൾ ഭാഷ, സാഹിത്യം, സംസ്കാരം | സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം |
| രമേഷ്ചന്ദ്രൻ വി. | 1989 | സഞ്ചാരസാഹിത്യം മലയാളത്തിൽ | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| രാജശേഖരൻ പി.കെ. | 2007 | ഏകാന്തനഗരങ്ങൾ | ഡിസി ബുക്സ്, കോട്ടയം |
| രാജശേഖരൻ പി.കെ. | 2002 | ഭാവനാതീതം മലയാളത്തിലെ സൈബർ കഥകൾ | ഡിസി ബുക്സ്, കോട്ടയം |
| സജി കരിങ്ങോല (എഡി) | 2015 | സൈബർ ബഹുസ്വരവായനകൾ | സുജിലി പബ്ലിക്കേഷൻസ് കൊല്ലം |
| സിബു മോടയിൽ (എഡി.) | 2010 | ഭൂമി മലയാളം – ഭാഷ നവീനപഠനവഴികൾ | വിദ്വാൻ പി.ജി.നായർ സ്മാരകഗവേഷണ കേന്ദ്രം, യൂ.സി. കോളേജ്, ആലുവ. |
| സുനീത ടി.വി. (എഡി.) | 2009 | സൈബർ മലയാളം | കറന്റ് ബുക്സ്, തൃശൂർ. |
| Mc Luhan Marshall | 2001 | Medium is the Massage | Gingko Press |
| Robert Hassan & Julian Thomas | 2006 | The new media theory reader | Open University Press, England |

**ആനുകാലികം**

ബിദൂർ കെ. *സഞ്ചാരസാഹിത്യത്തിലെ ഉത്തരാധുനിക പ്രവണതകൾ* വിജ്ഞാനകൈരളി വാല്യം 40, ലക്കം 8 ( 2009 ആഗസ്റ്റ് )

**വെബ്സൈറ്റുകൾ**

മനോജ് കുറൂർ, *കവിതയും നവമാധ്യമങ്ങളും* (ലേഖനം)
www.harithakam.com

ഡോ. വി.അബ്ദുൾ ലത്തീഫ്, ഇ-കവിതയുടെ രൂപഘടന (ലേഖനം)
www.chintha.com

www.wikipedia.com
www.kodakarapuranam.com
www.yathrakal.com
www.chilayathrakal.blogspot.com
www.ezhuthukuth.blogspot.com
www.sajikoratty.blogspot.com
www.puramkazhchakal.blogspot.com
www.dpoetry.com
www.balachandranchullikkad.blogspot.com
www.ottamazha.blogspot.com